# ബജറ്റ് പ്രസംഗം

## 2015 - 2016

**ശ്രീമതി ഭദ്ര ബി.**

ഡെപ്യൂട്ടി മേയർ

**2015 മാർച്ച് 23**

**കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ**

# ഉള്ളടക്കം


| | | പേജ് നമ്പർ |
|---|---|---|
| 1. | ആമുഖം | 7 |
| 2. | കൊച്ചി പഴയ കൊച്ചിയല്ല | 7 |
| 3. | മാലിന്യസംസ്കരണത്തിൽ വിപ്ലവം, വിജയക്കൊടി | 8 |
| 4. | ഗതാഗതസംവിധാനത്തിൽ ക്രിയാത്മക ഇടപെടൽ | 9 |
| 5. | യൂണിഫൈഡ് മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി യാഥാർത്ഥ്യമായി | 10 |
| 6. | മിഷൻ കൊച്ചി - 355 ദിവസങ്ങൾ, 33 പദ്ധതികൾ | 15 |
| 7. | കെടാതെ... വഴിവിളക്കുകൾ | 15 |
| 8. | അശരണർക്കും അനാഥർക്കുമൊപ്പം | 16 |
| 9. | കണ്ണീർക്കയത്തിൽ നിന്ന് ആനന്ദബാഷ്പത്തിലേക്ക് | 17 |
| 10. | മാറ്റം സമസ്ത മേഖലകളിലും | 18 |
| 11. | ലോക നഗരങ്ങളുടെ അംഗീകാരം നേടി കൊച്ചി | 18 |
| 12. | അന്താരാഷ്ട്ര ഹാഫ് മാരത്തൺ - കൊച്ചിയുടെ സ്വന്തം | 19 |
| 13. | വരുമാനം-വർദ്ധനവിന്റെ പാതയിൽ | 19 |
| 14. | 2014-2015 ലെ പുതുക്കിയ ബജറ്റും 2015-2016 ലെ ബജറ്റ് നിർദ്ദേശവും | 20 |
| 15. | ഗതാഗതം | 20 |
| 16. | റോഡുകൾ | 21 |
| 17. | ഈ വർഷം ബി.എം.&ബി.സി. രീതിയിൽ അഞ്ചുവർഷ ഗ്യാരന്റിയോടെ നവീകരിക്കുന്ന റോഡുകൾ | 22 |
| 18. | പുതുക്കിപ്പണിയുന്ന മറ്റ് റോഡുകൾ | 23 |
| 19. | ഇന്റർലോക്കിംഗ് | 24 |
| 20. | പൊതുഗതാഗതം | 24 |

| | | |
|---|---|---|
| 21. | ഇന്റർനാഷണൽ റോ-റോ വെസ്സൽ ടെർമിനൽ | 25 |
| 22. | നഗരത്തെ ബന്ധിപ്പിക്കുന്ന സിറ്റി റെയിൽ മെമു സർവ്വീസ് | 25 |
| 23. | മേൽപ്പാലങ്ങൾ | 26 |
| 24. | ലൊക്കേഷൻ സൈറ്റ് മാപ്പ് | 26 |
| 25. | സ്ട്രീറ്റ് നമ്പറിംഗ് സംവിധാനം | 27 |
| 26. | വീടുകൾക്ക് സ്ഥിരനമ്പർ | 27 |
| 27. | ഹോർഡിംഗ് അദാലത്ത് | 27 |
| 28. | വൺ കൊച്ചി വൺ കളർ | 28 |
| 29. | ബ്ലൂ ബസ്സ് | 28 |
| 30. | ഇ-ഗവേർണൻസ് | 28 |
| 31. | എം. ഗവേർണൻസ് | 30 |
| 32. | സ്മാർട്ട് ഓഫീസ് | 30 |
| 33. | ടൗൺ പ്ലാനിംഗ് ഡിപ്പാർട്ട്മെന്റ് ആധുനികവത്ക്കരിക്കും | 31 |
| 34. | ISO 9001 സർട്ടിഫിക്കേഷൻ | 31 |
| 35. | സ്മാർട്ട്സിറ്റി | 31 |
| 36. | മാലിന്യ സംസ്ക്കരണം | 32 |
| 37. | സർക്കാർ സഹായത്തോടെ ബ്രഹ്മപുരത്ത് സ്ഥാപിക്കുന്ന പുതിയ പ്ലാന്റ് | 33 |
| 38. | നിലവിലുള്ള പ്ലാന്റിന്റെ അപ്ഗ്രഡേഷൻ | 33 |
| 39. | മാലിന്യശേഖരണത്തിന് ഫീസ് | 34 |
| 40. | പ്ലാസ്റ്റിക് പ്രോസസ്സിംഗ് യൂണിറ്റ് | 34 |
| 41. | കൊതുക് നിവാരണം | 34 |
| 42. | വെള്ളക്കെട്ട് | 35 |
| 43. | കനാലുകൾ | 35 |
| 44. | കൊച്ചി ഇന്റർനാഷണൽ കൺവെൻഷൻ ആന്റ് കൾച്ചറൽ സെന്റർ | 36 |

| | | |
|---|---|---|
| 45. | വിദ്യാഭ്യാസം | 37 |
| 46. | ഭൗതിക സൗകര്യ വികസനത്തിനായി പ്രത്യേക പദ്ധതി | 37 |
| 47. | ഹാർഡ്‌വെയർ ക്ലിനിക്ക് | 37 |
| 48. | എസ്.ആർ.വി. സ്കൂളിലെ സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം | 38 |
| 49. | പൊതുമാർക്കറ്റുകളുടെ നവീകരണം | 38 |
| 50. | സുഭാഷ്ചന്ദ്രബോസ് പാർക്കിന് ആധുനിക മുഖം | 38 |
| 51. | ഫോർട്ട്കൊച്ചി ബീച്ച് ഇനി ക്വീൻ ബീച്ച് | 39 |
| 52. | പാർക്കുകളുടെയും ഗ്രൗണ്ടുകളുടെയും നവീകരണം | 40 |
| 53. | ഇടക്കൊച്ചിക്കായി പുതിയ പാർക്ക് | 40 |
| 54. | സോളാർ സിറ്റി | 40 |
| 55. | സൗരോർജ്ജ പാനലുകൾ | 41 |
| 56. | പാർട്ട്ണർ കേരള | 41 |
| 57. | അർബൻ 2020 | 41 |
| 58. | ഈസ്റ്റേൺ ഏരിയ ഡ്രെയിനേജ് | 41 |
| 59. | ഈസ്റ്റ് സിറ്റി സിവറേജ് നെറ്റ്‌വർക്ക് | 42 |
| 60. | ഫോർട്ട്കൊച്ചി പൈതൃക സംരക്ഷണം | 42 |
| 61. | പെഡസ്ട്രിയൻ നെറ്റ്‌വർക്ക് & ജംഗ്ഷൻ ഇംപ്രൂവ്മെന്റ് | 43 |
| 62. | പശ്ചിമകൊച്ചിയിലെ സിവറേജ് പദ്ധതി | 44 |
| 63. | ആരോഗ്യനഗരം പദ്ധതി | 44 |
| 64. | ലഹരി വിമുക്ത നഗരം | 45 |
| 65. | ആശുപത്രികൾ | 45 |
| 66. | ഹെൽത്ത് സെന്ററുകളും ഡിസ്പെൻസറികളും | 46 |
| 67. | ഹോമിയോ മെഡിക്കൽ ക്യാമ്പ് | 46 |
| 68. | വാട്ടർ പോളിസി | 46 |
| 69. | കൊച്ചി വാട്ടർ | 46 |

| | | |
|---|---|---|
| 70. | ശുദ്ധജലവിതരണം മെച്ചപ്പെടുത്തും | 47 |
| 71. | പൊതുകിണറുകൾ | 48 |
| 72. | കിണർ റീച്ചാർജിംഗ് | 48 |
| 73. | പൊതുശ്മശാനങ്ങൾ | 49 |
| 74. | മൃഗസംരക്ഷണം | 49 |
| 75. | അനിമൽ ബെർത്ത് കൺട്രോൾ | 49 |
| 76. | സാമൂഹ്യക്ഷേമം | 50 |
| 77. | അമൃതമിത്രം | 51 |
| 78. | സ്ത്രീ ശാക്തീകരണം | 52 |
| 79. | രാജീവ് ആവാസ് യോജന | 52 |
| 80. | വയോജനങ്ങളുടെ ക്ഷേമം | 53 |
| 81. | സേവാഗ്രാം-വാർഡ് സഭാ കേന്ദ്രങ്ങൾ | 54 |
| 82. | ഗ്രൂപ്പ് സംരംഭങ്ങൾക്ക് സഹായം | 55 |
| 83. | പട്ടികജാതി ക്ഷേമം | 55 |
| 84. | ബിസിനസ്സ് ഇൻക്യുബേറ്റർ | 56 |
| 85. | മത്സ്യബന്ധനം | 56 |
| 86. | ആധുനിക മത്സ്യവിപണന കേന്ദ്രങ്ങൾ | 57 |
| 87. | ഫിഷ് കിയോസ്കുകൾ | 57 |
| 88. | അന്താരാഷ്ട്ര വ്യവസായ-കാർഷിക പ്രദർശനം | 58 |
| 89. | കാർഷികരംഗം | 59 |
| 90. | വെജിറ്റബിൾ ടെസ്റ്റിംഗ് ലാബ് | 60 |
| 91. | ബെസ്റ്റ് സിറ്റിസൺ അവാർഡ് | 60 |
| 92. | വരുമാന വർദ്ധനവ് | 61 |
| 93. | ഉപസംഹാരം | 62 |

## ആമുഖം

1. ബഹുമാനപ്പെട്ട മേയർ, ബഹുമാന്യരായ സഭാംഗങ്ങളെ, മാധ്യമ പ്രതി നിധികളെ, ഉദ്യോഗസ്ഥരെ, സുഹൃത്തുക്കളെ,

2. ജനസേവനത്തിന്റെ കർമനിരതമായ വിജയവഴികൾ കടന്ന് 2010 നവംബർ 1 മുതൽ പ്രവർത്തനനിരതമായ ഈ ഭരണസമിതിയുടെ അഞ്ചാമത്തെ ബജറ്റ് കൗൺസിൽ യോഗത്തിലേക്ക് ഏവർക്കും സ്വാഗതം. അടിസ്ഥാന സൗകര്യ വികസനം, മാലിന്യ സംസ്കരണം, സാമൂഹ്യസുരക്ഷ എന്നിവ യടക്കമുള്ള വിവിധ മേഖലകളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചു കൊണ്ടാണ് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ കഴിഞ്ഞ നാലുവർഷ മായി പ്രവർത്തിച്ചുപോന്നത്.

## കൊച്ചി പഴയ കൊച്ചിയല്ല...

3. ഒരിക്കൽ ലോകം അന്വേഷിച്ചെത്തിയ നഗരമാണ് കൊച്ചി. ഇപ്പോൾ ലോകത്തിലെ ഏത് ആധുനിക നഗരത്തിനൊപ്പവും തലയെടുപ്പോടെ നിൽക്കുന്നു ഈ നഗരവും. അറബിക്കടലിന്റെ റാണി ഒരു രാജകുമാരി യുടെ യൗവന ചാരുതയോടെ മുന്നേറുകയാണ്. വികസനത്തിന്റെ പുതിയ പാതകൾ അവൾക്കു മുന്നിൽ തുറന്നുകിടക്കുന്നു. വാതായനങ്ങൾ തുറക്കുകയേ വേണ്ടൂ, ചലനാത്മകമായ ആവേശത്തോടെ കുതിക്കാൻ ഈ നഗരം തയ്യാറെടുത്തു കഴിഞ്ഞു.

4. കടന്നു പോയ നാലു വർഷം..... കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഭരണസമിതി ഈ നഗരത്തിന്റെ മുഖച്ഛായ മാറ്റിക്കുറിച്ചു, ഭാഗധേയം മാറ്റിയെഴുതി, വികസനത്തിന്റെ പുതിയ ചക്രവാളങ്ങളിലേക്ക് കൊച്ചിയെ നയിച്ചു, വരും കാലത്തിനൊത്ത് മുന്നേറാൻ കൊച്ചിയെ പ്രാപ്തയാക്കി ക്കൊണ്ടേയിരിക്കുന്നു. വികസനം മുദ്രാവാക്യമായും ജനനന്മ മുഖമുദ്ര യാക്കിയുമുള്ള കർമ്മപഥത്തിലൂടെ നാലു വർഷങ്ങൾ.

5. നഗരത്തിൽ പ്രതിസന്ധിയുടെ ഊരാക്കുടുക്കുകൾ സൃഷ്ടിച്ച മാലിന്യ സംസ്കരണ പ്രശ്നത്തിന് പരിഹാരം കണ്ടതു മുതൽ റോഡുകളുടെ ആധുനികവത്കരണവും ടൗൺഹാൾ നവീകരണവും റോ–റോയും അടക്കമുള്ള മിഷൻ കൊച്ചി ഫാസ്റ്റ് ട്രാക്ക് പദ്ധതികളും വൈഫൈ കണക്റ്റിവിറ്റിയും മിഷൻ ക്ലീൻ കൊച്ചി ശുചീകരണ ദൗത്യവും വൺ കൊച്ചി വൺ കളർ എന്ന ആശയം ഉൾപ്പടെയുള്ള നിരവധി നേട്ടങ്ങളുടെ സാഫല്യത്തിലാണ് ഈ ഭരണസമിതി.

## മാലിന്യസംസ്കരണത്തിൽ വിപ്ലവം, വിജയക്കൊടി...

6. ഒരു ദിവസം നഗരത്തിൽ വരുന്ന ടൺ കണക്കിന് മാലിന്യം എന്തുചെയ്യും എന്ന അമ്പരപ്പിന് മുന്നിൽനിന്നാണ് നാലുവർഷം മുമ്പ് ഈ ഭരണസമിതി പ്രവർത്തനം ആരംഭിച്ചത്. മറ്റു നഗരങ്ങൾ ഇതേ പ്രതിസന്ധിക്ക് മുന്നിൽ പകച്ചുപോയപ്പോൾ ധീരമായ നടപടികളുമായി മുന്നോട്ടു പോയി കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ. മാലിന്യമുക്ത നഗരം എന്ന വലിയ ലക്ഷ്യം സാക്ഷാത്കരിച്ചുകഴിഞ്ഞു. എന്നാൽ ഇനിയുള്ള കാലത്ത് മാലിന്യ സംസ്കരണത്തിൽ ഈ നഗരം നേരിടാൻ സാധ്യതയുള്ള വെല്ലുവിളികൾ മുൻകൂട്ടി കണ്ട് പുതിയ പദ്ധതികൾ അതിവേഗം നടപ്പാക്കാനുള്ള ശ്രമവും തുടരുന്നു. പ്രഥമ ആരോഗ്യ കേരളം പുരസ്കാരം സമ്മാനിച്ചാണ് സംസ്ഥാന സർക്കാർ ഈ നേട്ടങ്ങളെ ആദരിച്ചത്.

7. ബ്രഹ്മപുരത്തെ മാലിന്യ സംസ്കരണ പ്ലാന്റിൽ കുമിഞ്ഞു കൂടിക്കിടന്നിരുന്ന ലക്ഷം ടണ്ണിൽ അധികം വരുന്ന മാലിന്യം ഈ ഭരണസമിതി ചുമതലയേറ്റ ശേഷം സംസ്കരിച്ച് ജൈവവളമാക്കി വിപണനം ചെയ്തത് വലിയൊരു മാറ്റത്തിന് വഴിതെളിയിച്ചു. ഇപ്പോൾ നഗരത്തിൽ ദിനംപ്രതി ഉണ്ടാവുന്ന 180 ടൺ മാലിന്യം മാത്രമല്ല തൃക്കാക്കര, ആലുവ, കളമശ്ശേരി, തൃപ്പൂണിത്തുറ തുടങ്ങിയ നഗരസഭകളിലേയും പുത്തൻകുരിശ്, ചേരാനെല്ലൂർ എന്നീ പഞ്ചായത്തുകളിലേയും മാലിന്യം ഏറ്റെടുത്ത് സംസ്കരിച്ച് രാജ്യത്തിനാകെ മാതൃകയായി.

8. ആധുനിക കവചിത വാഹനങ്ങൾ മാലിന്യനീക്കത്തിന് ഉപയുക്തമാക്കി കൊണ്ട് ഈ രംഗത്ത് ആധുനികവത്ക്കരണത്തിനും ദീർഘ വീക്ഷണ ത്തോടെയുള്ള പദ്ധതികൾക്കും തുടക്കമിട്ടു.

9. സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ ബ്രഹ്മപുരത്ത് കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ സ്ഥലത്ത് മാലിന്യത്തിൽ നിന്ന് ഊർജ്ജം ഉത്പാദിപ്പിക്കുന്ന ആധുനിക സംവിധാനത്തിലുള്ള സംസ്കരണ പ്ലാന്റിന്റെ നിർമ്മാണത്തിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

10. കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിന് ശാശ്വത പരിഹാരമായി ബ്രഹ്മപുര ത്ത് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിച്ചു. ഇന്ത്യയിലെ ആദ്യത്തെ സെപ്റ്റേജ് ട്രീറ്റ്മന്റ് പ്ലാന്റ് എന്ന ബഹുമതിയും അതോടെ കൊച്ചിക്ക് സ്വന്തമായി.

## ഗതാഗതസംവിധാനത്തിൽ ക്രിയാത്മക ഇടപെടൽ...

11. നഗരത്തിലെ റോഡുകളെക്കുറിച്ച് കാലാകാലങ്ങളിൽ ഉയർന്നിരുന്ന വിമർ ശനങ്ങൾ ഉൾക്കൊണ്ടുള്ള നീക്കമാണ് ഈ ഭരണസമിതി പ്രവർത്തനം തുടങ്ങിയ ദിവസം മുതൽ നടത്തിയത്. പൊതുഗതാഗത സംവിധാന ങ്ങളെ കുറിച്ച് വേറിട്ട കാഴ്ച്ചപ്പാടോടു കൂടിയ നയങ്ങളാണ് സ്വീകരിച്ചത്. നഗരം മാറുന്നതിന്റെ പ്രധാന സൂചന നഗരജീവിതത്തിന്റെ ജീവനാഡി കളായ റോഡുകളുടെ നവീകരണമാണെന്ന ബോധ്യത്തോടെയാണ് 'കൊച്ചിൻ റോഡ് കോൺക്ലേവ്' സംഘടിപ്പിച്ചത്.

12. 50 കോടിയോളം രൂപ വിലമതിക്കുന്ന ഭൂമി മുൻകൂറായി വിട്ടുകൊടുത്ത് മെട്രോ റെയിൽ നിർമ്മാണത്തിനുള്ള ശ്രമങ്ങൾക്ക് ഊർജ്ജം പകരാൻ കൊച്ചി മുനിസിപ്പൽ കോർപ്പറേഷന് കഴിഞ്ഞത് ഈ നഗരത്തിലെ ഗതാഗത സംവിധാനത്തിന്റെ ആധുനികവത്ക്കരണത്തിന് എല്ലാ സ്രോതസ്സും ഉപയോഗിക്കാനുള്ള ഈ ഭരണസമിതിയുടെ പ്രതിജ്ഞാബദ്ധമായ നില പാടിനു തെളിവാണ്. മെട്രോ റെയിൽ നിർമ്മാണവുമായി ബന്ധപ്പെട്ട

എല്ലാ പ്രവർത്തനങ്ങൾക്കും പ്രത്യേക പരിഗണന നൽകിയാണ് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പ്രവർത്തിച്ചുപോരുന്നത്.

13 നോർത്ത് R.O.B.യുടെ പുന:ർനിർമ്മാണവുമായി ബന്ധപ്പെട്ട് വ്യാപാരികളുടെ പുന:രധിവാസം കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സമയബന്ധിതമായി പൂർത്തീകരിച്ചത് മൂലം മെട്രോ റെയിൽ നിർമ്മാണത്തിന് തുടക്കം കുറിക്കാൻ സാധിച്ചു.

14 മേൽപ്പാലങ്ങൾ യാഥാർത്ഥ്യമാക്കുന്ന കാര്യത്തിലും ഇതു തന്നെയായിരുന്നു ലക്ഷ്യം. പൊന്നുരുന്നി മേൽപ്പാലത്തിനുള്ള മുഴുവൻ സ്ഥലവും ഏറ്റെടുത്തു നൽകിയത് കൊച്ചി മുനിസിപ്പൽ കോർപ്പറേഷനായിരുന്നു എന്നതും നമുക്ക് അഭിമാനിക്കാവുന്നതാണ്.

## യൂണിഫൈഡ് മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി യാഥാർത്ഥ്യമായി...

15. ‘An advanced city is not one where the poor use cars, but rather one where even the rich use public transport’

- Mr. Enrique Penalosa
Mayor, City of Bogota (Columbia)

16 പൊതുഗതാഗത സംവിധാനവുമായി മുനിസിപ്പൽ കോർപ്പറേഷന് എന്തുബന്ധം എന്ന പരമ്പരാഗത കാഴ്ചപ്പാട് പൊളിച്ചെഴുതിയ ഈ ഭരണസമിതി ആ വഴിയിലൂടെ ഏറെ ദൂരം മുന്നോട്ടു പോയിക്കഴിഞ്ഞു. നഗരം മാറുന്നതിനൊപ്പം വഴികൾ മാറണം. അതിനൊപ്പം ആ വഴികളിലൂടെയുള്ള സഞ്ചാരവും മാറണം. ഏതൊക്കെയോ കാലത്തു തീരുമാനിച്ച ബസ് റൂട്ടുകൾ. പുതിയ ജനവാസകേന്ദ്രങ്ങളുമായി ബന്ധമില്ല ഈ റൂട്ടുകൾക്ക് എന്ന കണ്ടെത്തലിൽ നിന്നാണ് ഈ സംവിധാനത്തിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ ഇടപെടൽ ആവശ്യമാണ് എന്ന സത്യം തിരിച്ചറിഞ്ഞത്. റോഡ്, ജല, റെയിൽ റൂട്ടുകളെ ബന്ധിപ്പിക്കേണ്ടതുമുണ്ടായിരുന്നു. അത്ര എളുപ്പമായിരുന്നില്ല അത്.

17 എല്ലാ നഗരങ്ങളിലും യൂണിഫൈഡ് മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (യു.എം.ടി.എ.) രൂപീകരിക്കണം എന്ന കേന്ദ്രസർക്കാരിന്റെ നിർദ്ദേശത്തോട് ഏറ്റവും ക്രിയാത്മകമായ രീതിയിൽ പ്രതികരിച്ച ഇന്ത്യൻ നഗരങ്ങളിലൊന്നായി മാറി കൊച്ചി. 2012–13 വർഷത്തെ നമ്മുടെ ബജറ്റിലൂടെ ഈ ആശയം മുന്നോട്ടുവെച്ചു. തുടർന്ന് സംസ്ഥാന സർക്കാർ വിജ്ഞാപനത്തിലൂടെ യു.എം.ടി.എ. യാഥാർത്ഥ്യമാക്കി. കൊച്ചിക്കായി പൊതുഗതാഗത സംവിധാനം എന്ന വിശാല ലക്ഷ്യത്തിലേക്കുള്ള അടുത്ത പ്രധാന ചുവടുവെപ്പിനുള്ള ശ്രമങ്ങളാണ് ഇപ്പോൾ തുടരുന്നത്.

18. ഈ കൗൺസിൽ അധികാരമേറ്റതിന് ശേഷം നഗരത്തിലെ പൊതുഗതാഗത സംവിധാനത്തിലെ ക്രിയാത്മക ഇടപെടലുകൾ ഈ രംഗത്ത് നിരവധി പദ്ധതികൾക്ക് തുടക്കമിടുന്നതിന് കാരണമായി. ആധുനിക ജലഗതാഗത സംവിധാനമായ റോ–റോ തന്നെ അതിൽ പ്രധാനം. കൊച്ചിയുടെ ജലഗതാഗത രംഗത്ത് ഒരു പുതിയ അദ്ധ്യായത്തിന് തുടക്കമിട്ടുകൊണ്ട് പൊതുഗതാഗതത്തിനായി Roll-on Roll-Off (Ro-Ro) സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി സുപ്രധാന ഘട്ടത്തിലേക്ക് കടന്നു.

19. Roll-on Roll-Off (Ro-Ro) സർവ്വീസുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ആധുനികവും സങ്കേതിക മികവോടും കൂടിയ രണ്ട് വെസ്സലുകളുടെ നിർമ്മാണത്തിന് കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡുമായി കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ എഗ്രിമെന്റ് ഒപ്പിട്ടുകൊണ്ടാണ് കൊച്ചി നഗരത്തിന്റെ, വിശിഷ്യ പശ്ചിമകൊച്ചിയുടെ ഗതാഗതരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴി തെളിയിക്കുന്ന റോ–റോ പദ്ധതിയുടെ ആരംഭം കുറിച്ചത്. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള കേരള അർബൻ ആന്റ് റൂറൽ ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷനിൽ (കെ.യു.ആർ.ഡി.എഫ്.സി.) നിന്നും റോ–റോ വെസ്സലുകളുടെ നിർമ്മാണത്തിന് ആവശ്യമായ തുക വായ്പയായി ലഭ്യമായിട്ടുണ്ട്.

20. 1872 ൽ ആരംഭിച്ച ഫോർട്ട്കൊച്ചി-ഫോർട്ട്വൈപ്പിൻ ഫെറി സർവ്വീസ് റോ-റോ സംവിധാനത്തിലേക്ക് മാറുന്നതോടെ പശ്ചിമകൊച്ചിയുടെ ഗതാഗതരംഗത്ത് വൻ കുതിപ്പിനാണ് തുടക്കമിടുന്നത്. 1973 മുതൽ ഈ റൂട്ടിൽ ജങ്കാർ സർവ്വീസ് ആരംഭിച്ചിരുന്നെങ്കിലും ജലഗതാഗത രംഗത്തെ '**വാട്ടർ മെട്രോ**' എന്ന് വിശേഷിപ്പിക്കാവുന്ന റോ-റോ സർവ്വീസിന് തുടക്കം കുറിക്കുന്നതോടെ ഫോർട്ട്കൊച്ചി-ഫോർട്ട്വൈപ്പിൻ യാത്ര മാത്രമല്ല ആലപ്പുഴ-എറണാകുളം-തൃശൂർ ജില്ലകളിലെ തീരദേശത്തെ പൊതു ഗതാഗത രംഗത്ത് തന്നെ ഏറെ മാറ്റങ്ങൾക്ക് വഴി തെളിയിക്കുന്ന ഒന്നായി മാറുകയും ചെയ്യും.

21. യൂണിഫൈഡ് മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി രൂപീകരണത്തിനു പിന്നാലെ കൊച്ചിയിലെ റോഡ്-ജല ഗതാഗത വികസനത്തിനും നവീകരണത്തിനും 624 കോടി രൂപയുടെ ജർമ്മൻ സഹായം ഉറപ്പുവരുത്തി. ജലഗതാഗതരംഗത്ത് അന്താരാഷ്ട്ര തലത്തിൽ അറിയപ്പെടുന്ന വിദഗ്ദ്ധനായ ശ്രീ. പീറ്റർ ടർണറിന്റെ നേതൃത്വത്തിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷന് വേണ്ടി കൊച്ചിയുടെ ജലഗതാഗതത്തിനായി ഒരു Pre Feasibility Study നടത്തുകയും ആയത് 2012 ൽ കൗൺസിൽ മുമ്പാകെ അവതരിപ്പിക്കുകയും തുടർന്ന് ജലഗതാഗതത്തിനായി ഒരു Special Purpose Vehicle (SPV) രൂപീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ അന്താരാഷ്ട്ര ഏജൻസികളുമായി വിവിധ തലത്തിൽ ചർച്ചകൾ നടത്തിയതിനെ തുടർന്നാണ് 2014 സെപ്റ്റംബർ 4ന് ജർമ്മൻ ഗവൺമെന്റിന്റെ കീഴിലുള്ള ധനകാര്യ സ്ഥാപനമായ KFW അധികൃതർ കൊച്ചിയിൽ എത്തുകയും ബഹു. മേയറുമായി ചർച്ച ചെയ്ത് SPV രൂപീകരിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനുള്ള സന്നദ്ധത അറിയിക്കുകയും ചെയ്തത്. തുടർന്ന് SPV രൂപീകരിക്കുന്നതിനുള്ള ചുമതല കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ മുൻകൈയെടുത്ത് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ (KMRL) ഏൽപ്പിക്കുകയായിരുന്നു.

22. നഗരത്തിന്റെ പ്രൗഢി വിളിച്ചോതുന്ന പൊതു ഇടങ്ങളിൽ ഏറ്റവും പ്രധാന പ്പെട്ടവയായ എറണാകുളം ടൗൺ ഹാളും മട്ടാഞ്ചേരി ടൗൺ ഹാളും ആധുനിക രീതിയിൽ പുതുക്കിപ്പണിത് പൊതുജനങ്ങൾക്കായി സമർപ്പി ച്ചിരിക്കുകയാണ്. നഗരത്തിലെ ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയി ക്കുന്ന ഈ രണ്ടു പ്രധാന പൊതുജനകേന്ദ്രങ്ങളും മിഷൻ കൊച്ചി പദ്ധതി യുടെ ഭാഗമായി സമയബന്ധിതമായി പൂർത്തീകരിച്ച പദ്ധതികളാണ്.

23 അഞ്ചു വർഷത്തെ ഗ്യാരണ്ടിയിൽ (ബി.എം.&ബി.സി) റോഡ് നിർമ്മാണ ത്തിന് തുടക്കംകുറിച്ച രാജ്യത്തെ ആദ്യത്തെ തദ്ദേശസ്വയംഭരണ സ്ഥാപനം എന്ന ബഹുമതി കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സ്വന്തമാക്കി. മുനിസിപ്പൽ കോർപ്പറേഷന്റെ ഫണ്ട് ഉപയോഗിച്ച്, ഇന്ത്യൻ റോഡ് കോൺ ഗ്രസിന്റെ മാനദണ്ഡങ്ങൾ പാലിച്ചാണ് ഈ പദ്ധതി നടപ്പാക്കിയത്. നഗര ത്തിലെ റോഡുകൾ ശാസ്ത്രീയമായ രീതിയിൽ പരിപാലിക്കാനുള്ള പദ്ധ തികൾക്ക് മുൻതൂക്കം നൽകിയാണ് ഈ മേഖലയുടെ ആധുനികവത്കരണ ത്തിന് ആക്കം കൂട്ടിയത്.

24 റോഡുകൾ ഇന്റർലോക്കിംഗ് സംവിധാനത്തിൽ ടൈൽ വിരിച്ചു നവീക രിക്കുന്ന രീതി വിജയകരമായി നടപ്പാക്കി.

25. റോഡുകൾ ആധുനികവത്കരിക്കുന്നതിനോടൊപ്പം റോഡും പരിസരവും അടക്കം ഉള്ള പൊതു ഇടങ്ങൾ ശുചിത്വവും ഭംഗിയുള്ളതുമാക്കി നിലനിർത്തുക എന്നത് വരുംകാലയളവിൽ പ്രത്യേക പരിഗണനയോടു കൂടി നടപ്പിലാക്കുന്ന പ്രവർത്തനങ്ങളിലൊന്നായിരിക്കും.

26. ഇടപ്പള്ളി മുതൽ വൈറ്റില വരെയുള്ള നാഷണൽ ഹൈവേയുടെ മീഡി യനിൽ 'ദൃശ്യരൂപകൽപന' ചെയ്ത് പൂച്ചെടികൾ വച്ചു പിടിപ്പിച്ചു മനോ ഹരമാക്കി. ഇതിനായി സ്റ്റേക്ഹോൾഡേഴ്സിനെ ഉൾപ്പെടുത്തി സൊസൈറ്റി രൂപീകരിച്ച് നടത്തിപ്പ് ചുമതല അവരെ ഏൽപ്പിക്കുന്ന നൂതനമായ ഒരു വികസനമാതൃക സൃഷ്ടിച്ച് നാടിനാകെ മാതൃകയായി.

27 ഫോർട്ട്കൊച്ചി, പള്ളുരുത്തി, പനമ്പള്ളി നഗർ തുടങ്ങിയ സ്ഥലങ്ങളിലെ പ്രധാന റോഡുകൾ മേൽപ്പറഞ്ഞ മാതൃകയിൽ മനോഹരമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉടനടി ആരംഭിക്കും.

28. ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണപദ്ധതിയിൽ ഉൾപ്പെടുത്തി നഗരത്തിലെ ശുദ്ധ ജലക്ഷാമത്തിനു പരിഹാരമാകുന്ന 100 എംഎൽഡി കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതിയുടെ ട്രയൽ റൺ ആരംഭിച്ചു. ബഹു. സംസ്ഥാന സർക്കാരിന്റെ സഹകരണത്തോടെ നടപ്പിലാക്കിയ ഈ പദ്ധതി നഗരത്തിലെ കുടിവെള്ള വിതരണരംഗത്ത് വിപ്ലവകരമായ മാറ്റത്തിന് തുടക്കം കുറിക്കും. പദ്ധതിയുടെ ഭാഗമായി മരടിൽ സ്ഥാപിച്ച പുതിയ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രയോജനം ലഭിക്കുന്നത് രണ്ടു ലക്ഷത്തോ ളം ജനങ്ങൾക്കാണ്. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ സുപ്രധാന നേട്ടങ്ങളിലൊന്നാണ് ഈ പദ്ധതി.

29. കഴിഞ്ഞ വർഷം തുടക്കമിട്ട 'മിഷൻ ക്ലീൻ കൊച്ചി' ശുചീകരണ ദൗത്യ ത്തിന്റെ വിജയം ഈ നഗരത്തിലെ ജനങ്ങൾക്ക് അവകാശപ്പെട്ടതാണ്. 'മിഷൻ ക്ലീൻ കൊച്ചി'യുടെ രണ്ടാം ഘട്ടത്തിൽ ശുചീകരണത്തിനൊപ്പം നഗരത്തിന്റെ സൗന്ദര്യവത്കരണവും ഊർജ്ജിതമായി ഏറ്റെടുക്കുകയാണ്.

30. ഇതിന്റെ ഭാഗമായി ആവിഷ്കരിച്ച പദ്ധതിയാണ് 'വൺ കൊച്ചി വൺ കളർ'. പരസ്യത്താൽ 'ദൃശ്യമലിനീകരണത്തിന് പര്യായമായ' കൊച്ചി യിലെ മതിലുകൾ കൊച്ചിയുടെ നിറമായ ഇളം നീലയിൽ ചായം പൂശി മനോഹരമാക്കി പരിപാലിക്കുന്ന 'വൺ കൊച്ചി വൺ കളർ' എന്ന പദ്ധതി യും നമ്മുടെ നഗരത്തെ ശുചിത്വവും സുന്ദരവുമാക്കി മാറ്റുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമാണ്.

31. നഗരത്തിന് ഏകീകൃതവും സമാനവുമായ മുഖച്ഛായ സൃഷ്ടിക്കാൻ ലക്ഷ്യ മിടുന്ന 'വൺ കൊച്ചി വൺ കളർ' പദ്ധതിക്ക് ഫോർട്ടുകൊച്ചിയിൽ തുടക്കം കുറിച്ചു.

32. കൊച്ചിയുടെ പൊതു ഇടങ്ങൾ ശുചിത്വവും മനോഹരവുമാക്കുകയെന്ന ലക്ഷ്യത്തോടെയുള്ള നൂതനമായ നിരവധി പദ്ധതികൾക്കാണ് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഊന്നൽ നൽകുന്നത്.

## മിഷൻ കൊച്ചി – 355 ദിവസങ്ങൾ, 33 പദ്ധതികൾ...

33. വാഗ്ദാനങ്ങൾ വാഗ്ദാനങ്ങളായി നിലനിൽക്കുന്നു. വികസനം പ്രഖ്യാപനത്തിൽ ഒതുങ്ങുന്നു. ഏതു ഭരണ സംവിധാനത്തിനെതിരെയും കേൾക്കുന്ന സ്ഥിരം വിമർശനം. അതിൽ കാര്യവുമുണ്ട് എന്ന ബോധ്യമാണ് ഫാസ്റ്റ് ട്രാക്ക് പ്രോജക്ടുകൾ എന്ന ആശയത്തിലേക്ക് ഈ ഭരണസമിതിയെ നയിച്ചത്. കൃത്യമായ സമയപരിധി നിശ്ചയിച്ച് പദ്ധതികൾ അതിവേഗത്തിൽ നടപ്പാക്കാനുള്ള റോഡ്മാപ് ആണിത്.

34. മിഷൻ കൊച്ചി വർത്തമാനകാല പദ്ധതിയല്ല, കൊച്ചിയുടെ ഭാവികാല വഴിത്താരയാണ്. കൊച്ചിയുടെ വികസന ചരിത്രത്തിലെ നാഴികക്കല്ലായി ഇതിലെ പദ്ധതികളോരോന്നും മാറുമെന്ന കാര്യത്തിൽ സംശയമില്ല.

## കെടാതെ..... വഴിവിളക്കുകൾ

35. കത്താത്ത വഴിവിളക്കുകളെകുറിച്ചുള്ള പരാതികളും ചർച്ചകളുമായിരുന്നു ഒരുകാലത്ത് കൊച്ചി മുനിസിപ്പൽ കൗൺസിലിൽ ഏറേ മുഴങ്ങിക്കേട്ടത്. അതിന്ന് പഴങ്കഥയായി. തെരുവ് വിളക്ക് പരിപാലനത്തിൽ അജയ്യമായ നേട്ടമാണ് ഈ കൗൺസിൽ കൈവരിച്ചത്. പരാതികൾക്ക് ഇടനൽകാതെ അരലക്ഷത്തോളം വരുന്ന തെരുവു വിളക്കുകളുടെ പരിപാലനത്തിൽ ഈ ഭരണസമിതി പ്രത്യേക ശ്രദ്ധ നൽകി. വിളക്കുകാൽ പരസ്യത്തിനു പകരമായി തെരുവ് വിളക്കുകൾ പരിപാലിക്കുന്ന രീതിയാണ് മുൻ കാലങ്ങളിൽ തുടർന്നു പോന്നിരുന്നത്. എന്നാൽ ഈ കൗൺസിൽ അധികാരമേറ്റെടുത്തതിനു ശേഷം തെരുവു വിളക്കുകൾ പരിപാലിക്കുന്നതിനായി നേരിട്ട് കരാർ നൽകുകയും പരാതികൾക്ക് ഇടനൽകാതെ പരിപാലിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. നഗരപരിപാലന

ത്തിന്റെ എല്ലാ മേഖലകളിലും ശ്രദ്ധയൂന്നി പ്രവർത്തിക്കുന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണിത്.

## അശരണർക്കും അനാഥർക്കുമൊപ്പം...

36. നഗരവും നഗരജീവിതവും ആധുനികതയുടെ വേഗത്തിനൊപ്പം കുതിക്കുമ്പോൾ അതിനൊപ്പമെത്താൻ കഴിയാതെ പിന്നിലായിപ്പോകുന്ന ജനവിഭാഗങ്ങളുണ്ട്. അവരെ അവിടെ ഉപേക്ഷിച്ചു പോകലല്ല, ഒപ്പം കൈപിടിച്ചു നടത്തുകയാണ് വേണ്ടത്. വികലാംഗർ, ഭവനരഹിതർ, തൊഴിലില്ലാത്തവർ, വികസനത്തിന്റെ പേരിൽ കുടിയൊഴിപ്പിക്കപ്പെട്ടവർ, വിധവകൾ, അനാഥർ, മാനസിക അസ്വാസ്ഥ്യങ്ങൾമൂലം തെരുവിൽ വലിച്ചെറിയപ്പെട്ടവർ; ഈ നഗരത്തിന്റെ തിരക്കിൽ ഇങ്ങനെയും ചിലർ ജീവിക്കുന്നുണ്ട്.

37. ഫ്ളാറ്റുകളിലും രമ്യഹർമ്യങ്ങളിലും മാത്രമല്ല ഈ നഗരത്തിലെ കോളനികളിലും ജീവിതമുണ്ട് എന്ന ബോധ്യത്തോടെയാണ് സാമൂഹ്യ സുരക്ഷാ പദ്ധതികൾ ഈ ഭരണസമിതി നടപ്പാക്കുന്നത്.

38. പള്ളുരുത്തി റിലീഫ് സെറ്റിൽമെന്റ്, സ്നേഹഭവൻ, പ്രത്യാശാ ഭവൻ, കരിത്തല ശാന്തിഭവൻ, വികലാംഗ വനിതാമന്ദിരം, വാത്സല്യഭവൻ തുടങ്ങി പതിനൊന്ന് സാമൂഹ്യസുരക്ഷാ കേന്ദ്രങ്ങളിലായി അറുന്നൂറിലേറെപ്പേർ ഈ മുനിസിപ്പൽ കോർപ്പറേഷന്റെ സംരക്ഷണത്തിലുണ്ട്. ഭക്ഷണവും മെച്ചപ്പെട്ട സാഹചര്യവുമുൾപ്പെടെ അവരുടെ ദൈനംദിന കാര്യങ്ങൾ വളരെ കരുതലോടെയാണ് കാണുന്നത്. സുരക്ഷാ കേന്ദ്രങ്ങളിൽ വളരുന്ന പെൺകുട്ടികളുടെ വിവാഹവും ഭാവിജീവിതവും ഭദ്രമാക്കി വേറിട്ട മാതൃക സൃഷ്ടിക്കുന്നു കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ.

39. പെൻഷൻ വിതരണം, ഭവനസഹായം തുടങ്ങിയ ക്ഷേമപ്രവർത്തന മേഖലകളിൽ അർഹരായവരെ കണ്ടെത്തി സഹായം എത്തിക്കുന്നതിന് പ്രത്യേക താത്പര്യം എടുത്താണ് ഈ ഭരണസമിതി പ്രവർത്തിച്ചത്.

ഇതിന്റെ ഫലമായി ഇത്തരം ധനസഹായങ്ങളുടെ വിതരണത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് വളരെയേറെ മുന്നിലാണ് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ.

40. ചേരി നിവാസികൾക്കും ഭവനരഹിതർക്കും മറ്റ് അടിസ്ഥാന വർഗ്ഗത്തിൽ പ്പെട്ട ജനങ്ങൾക്കുമായി നിരവധി കർമ്മപദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത്. കുടിയൊഴിപ്പിക്കപ്പെട്ടവരുടെ പുന:രധിവാസത്തിന് പ്രത്യേകശ്രദ്ധ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ഏവരാലും ശ്രദ്ധിക്കപ്പെട്ടതാണ്. ഇത്തരുണത്തിൽ പ്രത്യേകം എടുത്തുപറയേണ്ട വസ്തുത ഇ.എം.എസ്. ഭവനപദ്ധതിയുടെ ചെലവഴിക്കാത്ത 2 കോടിയിലധികം രൂപ ഉപയോഗപ്പെടുത്തി 150-ൽ പരം കുടുംബങ്ങൾക്ക് ഭവനങ്ങൾ പണിയുന്നതിന് സാഹചര്യം ഉണ്ടാക്കിയത് ഈ അവസരത്തിൽ സ്മരിച്ചുകൊള്ളട്ടെ.

## കണ്ണീർക്കയത്തിൽ നിന്ന് ആനന്ദബാഷ്പത്തിലേക്ക്.............

41. കുടിയൊഴിപ്പിക്കപ്പെട്ടവരുടെ കണ്ണീരു വീണ മണ്ണിൽ വികസനത്തിന്റെ ഒരു തൂണുപോലും ഉറയ്ക്കില്ല എന്ന തിരിച്ചറിവിലാണ് പേരണ്ടൂർ കനാൽ, പള്ളുരുത്തി കോണം തുടങ്ങിയ പുറമ്പോക്കു ഭൂമിയിൽ നിന്ന് കുടിയൊഴിപ്പിച്ച മുപ്പത്തിയാറ് കുടുംബങ്ങളുടെ പുന:രധിവാസത്തിന് ഈ ഭരണസമിതി പ്രത്യേക ഊന്നൽ നൽകിയത്. നോർത്തിലെ പരമാര റോഡിലുള്ള കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ കെട്ടിടത്തിൽ (ലിബ്ര) വർഷങ്ങളോളം ദുരിത ജീവിതം നയിച്ചവർക്ക് സ്വന്തം വീട് എന്ന സ്വപ്നം സാക്ഷാത്ക്കരിച്ചുകൊണ്ട് പുന:രധിവാസത്തിന്റെ കൊച്ചി മോഡൽ കേരളത്തിന് കാണിച്ചുകൊടുത്തു.

42. രാമേശ്വരം കോളനിയിൽ മുപ്പതുവർഷമായി പട്ടയമില്ലാതെ താമസിച്ചിരുന്ന 263 കുടുംബങ്ങൾ ഇന്ന് ഭൂമിയുടെ അവകാശികളാണ്. ഇത് യാഥാർത്ഥ്യമായത് മേയേഴ്സ് റീ ഹാബിലിറ്റേഷൻ ഫണ്ടിൽനിന്നും നഗരസഭ വിഹിതമായ 65 ലക്ഷത്തോളം രൂപ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക

പരിപാടിയിലൂടെ കൈമാറിയത് മൂലമാണ് ഇവർക്ക് പട്ടയം ലഭിച്ചത്. മട്ടാഞ്ചേരിയിലെ തുരുത്തി, കൽവത്തി, കോഞ്ചേരി കോളനികൾക്കു വേണ്ടിയുള്ള 68 കോടിയുടെ പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം നേടി. പ്രയോജനം ലഭിക്കുന്നത് 755 കുടുംബങ്ങൾക്ക്.

## മാറ്റം സമസ്ത മേഖലകളിലും...

43. സിറ്റി സാനിറ്റേഷൻ രംഗത്ത് ആയാലും നഗരത്തിലെ ഹോട്ടലുകളിലെ ഭക്ഷണത്തിന്റെ നിലവാരവും ശുചിത്വവും ഉറപ്പാക്കുന്ന കാര്യത്തിൽ ആയാലും ഈ കൗൺസിൽ ഏറെ ശ്രദ്ധ പുലർത്തിയിട്ടുണ്ട്.

44. പ്രശ്നപരിഹാരത്തിനായി നടത്തിയ സോണൽ അദാലത്തുകൾ ഏറെ ശ്രദ്ധേയമായി.

45. കനാലുകളുടെ പുന:രുദ്ധാരണവും വെള്ളക്കെട്ട് നിവാരണവും ഏറെ ശ്രദ്ധ പതിപ്പിക്കുകയും വൻനേട്ടങ്ങൾ കൈവരിക്കുകയും ചെയ്ത മേഖലയാണ്.

## ലോക നഗരങ്ങളുടെ അംഗീകാരം നേടി കൊച്ചി

46. നഗരങ്ങളുടെ വളർച്ചക്കും വികസനത്തിനും ലോകത്തിലെ മറ്റ് നഗരങ്ങളുമായുള്ള സാങ്കേതിക-സാമ്പത്തിക-സാംസ്കാരിക വിനിമയത്തിന് ഏറെ പ്രാധാന്യമുണ്ട്. ഈ മേഖലയിൽ നിരവധിയായ പ്രവർത്തനങ്ങളാണ് കഴിഞ്ഞ നാല് വർഷം കൊണ്ട് നടത്തിവരുന്നത്. ഏറ്റവും അവസാനമായി അമേരിക്കയിലെ സിലിക്കൻ വാലിയിലുള്ള മെൻലോ പാർക്കുമായി ബഹു. സംസ്ഥാന സർക്കാർ സഹായത്തോടെ ഐ.ടി, വിദ്യാഭ്യാസ, വാണിജ്യ മേഖലയിൽ സഹകരണത്തിനായി യോജിച്ച് പ്രവർത്തിക്കുന്നതിനുള്ള പരസ്പര കരാർ, യൂറോപ്യൻ യൂണിയൻ സഹായത്തോടെ നഗരഗതാഗത്തിനായുള്ള സൊല്യൂഷൻസ് പ്രൊജക്ട്, സ്വീഡിഷ് ഇന്റർനാഷണൽ സെന്റർ ഫോർ ലോക്കൽ ഡെമോക്രസിയുമായി സഹകരിച്ചുകൊണ്ടുള്ള മുനിസിപ്പൽ പാർട്ട്ണർഷിപ്പ് പ്രോഗ്രാം, കാലാവസ്ഥാ വ്യതിയാനത്തെ

കുറിച്ചുള്ള പഠനത്തിനും പദ്ധതി പ്രവർത്തനത്തിനുമായുള്ള ഏഷ്യൻ സിറ്റീസ് അഡാപ്റ്റ് പദ്ധതി, ജപ്പാനിലെ സാനിൻ പ്രൊവിൻസുമായി ധാരണ യിൽ എത്തിയ പരസ്പര സഹായ കരാർ തുടങ്ങിയ നിരവധി പദ്ധതികളും പരിപാടികളുമാണ് ഈ മേഖലയിൽ ഈ കൗൺസിൽ ഏറ്റെടുത്ത് നടത്തി യത്. കൊച്ചിയുടെ ഭാവിവികസനത്തിന് ഏറെ സഹായകരമാകുന്ന പദ്ധതികളാണ് ഇവയെല്ലാം.

## അന്താരാഷ്ട്ര ഹാഫ് മാരത്തൺ - കൊച്ചിയുടെ സ്വന്തം

47. കൊച്ചിയുടെ കായിക മേഖലയിൽ പുതിയ മാനങ്ങൾ സൃഷ്ടിച്ച 'ഇന്റർനാഷണൽ ഹാഫ് മാരത്തൺ' അന്തർദേശീയ കായിക ഭൂപടത്തിൽ ഒരു പ്രത്യേകസ്ഥാനം ഇതിനകം തന്നെ നേടിയെടുത്തിട്ടുണ്ട്.

## വരുമാനം-വർദ്ധനവിന്റെ പാതയിൽ

48. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ തനത് വരുമാന വർദ്ധനവിന് ആവശ്യമായ ക്രിയാത്മകവും കാര്യക്ഷമവുമായ നിരവധി പ്രവർത്തന ങ്ങളാണ് ഈ കൗൺസിൽ മുന്നോട്ട് വെച്ചത്. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ വരുമാനത്തിലുള്ള വൻ വർദ്ധനവ് ഇതിന്റെ ഉത്തമ ദൃഷ്ടാന്തമാണ്. കൂടാതെ ആന്യൂറ്റി സ്കീമുകളിലൂടെയും പി.പി.പി മോഡ ലിലൂടെയും പദ്ധതി നടത്തിപ്പിനായി പുതിയ മാർഗ്ഗങ്ങൾ അവലംബിച്ചതും വലിയ നേട്ടങ്ങൾ തന്നെയാണ്.

49. ഇനിയും നിരവധി പദ്ധതികളും പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാ ക്കേണ്ടതുണ്ട്. കഴിഞ്ഞ 4 വർഷങ്ങളായി ബജറ്റിലൂടെ പ്രഖ്യാപിക്കപ്പെട്ട എല്ലാ പദ്ധതികൾക്കും തുടക്കം കുറിക്കാനോ പൂർത്തീകരിക്കാനോ സാധിച്ചു എന്ന് അവകാശപ്പെടുന്നില്ല. എങ്കിലും പരിമിതമായ മനുഷ്യവിഭവ ശേഷിയും സാമ്പത്തികശേഷിയും സ്വയംഭരണശേഷിയും ഉപയോഗിച്ചു കൊണ്ട് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ എന്ന ഈ സ്ഥാപനത്തെ ഏറെ ചലനാത്മകമാക്കാൻ സാധിച്ചു എന്നും ഈ നഗരത്തിന്റെ ഭാവി

വികസനത്തിനും വളർച്ചയ്ക്കുമായി ശക്തമായ അടിത്തറ പാകിയെന്നും ഞങ്ങൾക്ക് ഉറപ്പിച്ച് പറയാനാകും.

50. ബജറ്റുകളിൽ വിഭാവനം ചെയ്ത പദ്ധതികൾ മുന്നോട്ട് കൊണ്ടു പോകേണ്ടത് നാം ഓരോരുത്തരുടേയും ചുമതലയാണ്. അത്തരത്തിൽ കൂട്ടായ്മയോടെയുള്ള പ്രവർത്തനത്തിലൂടെ കൊച്ചി നഗരത്തിനായി നാം ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിച്ച പദ്ധതികൾ എല്ലാം നടപ്പിലാക്കാൻ സാധിക്കും എന്ന ഉറപ്പോടുകൂടിയാണ് ഈ കൗൺസിലിന്റെ 2015–2016 സാമ്പത്തിക വർഷത്തെ ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് വേണ്ടി ഇവിടെ അവതരിപ്പിക്കുന്നത്.

## 2014–2015 ലെ പുതുക്കിയ ബജറ്റും 2015–2016 ലെ ബജറ്റ് നിർദ്ദേശവും

51. 2014–2015 ലെ 502,10,28,206 രൂപ വരവും 413,36,72,323 രൂപ ചെലവും 73,70,35,883 രൂപ നീക്കി ബാക്കിയും പ്രതീക്ഷിക്കുന്ന പുതുക്കിയ ബജറ്റും.

52. 2015–2016 ലേക്ക് 881,54,16,759 രൂപ വരവും 841,87,99,976 രൂപ ചെലവും 23,63,16,783 രൂപ നീക്കി ബാക്കിയും പ്രതീക്ഷിക്കുന്ന ബജറ്റ് എസ്റ്റിമേറ്റ് കൗൺസിലിന്റെ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

## ഗതാഗതം

53. ഗതാഗത മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തന്നെയാണ് ഇന്ത്യയിലെ മറ്റെല്ലാ നഗരങ്ങളിലുമെന്നപോലെ കൊച്ചിയും അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളി. ആധുനിക ഗതാഗത സംവിധാനങ്ങൾ കൊച്ചിക്ക് അനുയോജ്യമായ രീതിയിൽ വികസിപ്പിച്ചെടുക്കുന്നതിനുള്ള, മെട്രോ റെയിലിന്റെ നിർമ്മാണവും ജലഗതാഗതരംഗവും അടക്കം, പ്രവർത്തനങ്ങൾ ഇതിനകംതന്നെ ആരംഭിച്ചിട്ടുണ്ട്.

54 ഗതാഗതരംഗത്ത് റോഡുകളുടെ വികസനം പരമപ്രധാനമാണ്. ആ നിലയിൽ റോഡുകളുടെ ആധുനികവത്കരണവും വികസനവും തന്നെ

യായിരിക്കും അടുത്ത ഒരു വർഷകാലത്തെ കർമ്മ പദ്ധതികളിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പ്രഥമ പരിഗണന നൽകുന്ന വിഷയം.

55. 'കൊച്ചിൻ റോഡ് കോൺക്ലേവിലെ' നിർദ്ദേശങ്ങൾക്കും മാനദണ്ഡങ്ങൾക്കും അനുസരിച്ച് കൊച്ചിയുടെ റോഡുകൾ ഏറ്റവും ആധുനികവും ശാസ്ത്രീയവുമായ രീതിയിൽ പരിപാലിച്ച് നഗരഗതാഗത പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കാണും.

## റോഡുകൾ

### കുഴികൾ ഇല്ലാത്ത റോഡുകൾ

56. റോഡു ഗതാഗതവുമായി ബന്ധപ്പെട്ട് റോഡുകളിൽ രൂപപ്പെടുന്ന 'പോട്ട് ഹോളുകൾ' നഗരത്തിലെ ഗതാഗത രംഗത്ത് സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ചെറുതല്ല. യാത്രാ സമയദൈർഘ്യം, പെട്രോളിന്റെയും ഡീസലിന്റെയും ഗ്യാസിന്റേയും അമിത ഉപയോഗം, വണ്ടികളുടെ തേയ്മാനം, പരിസര മലിനീകരണം തുടങ്ങിയ നിരവധി പ്രശ്നങ്ങളാണ് ചെറുതും വലുതുമായ 'പോട്ട് ഹോളുകൾ' സൃഷ്ടിക്കുന്നത്.

57. കൊച്ചിക്കായി കുഴികൾ ഇല്ലാത്ത റോഡുകൾ എന്നതായിരിക്കും അടുത്ത ഒരു വർഷത്തെ കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ കർമ്മ പദ്ധതികളിൽ ഏറ്റവും പ്രധാനപ്പെട്ടത്. പോട്ട് ഹോളുകൾ റിപ്പോർട്ട് ചെയ്യുന്നമുറയ്ക്ക് പാച്ച്വർക്ക് നടത്തും.

58. ഈ പദ്ധതി മോണിറ്റർ ചെയ്യുന്നതിന് ഡെപ്യൂട്ടി മേയർ, വർക്ക്സ് സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ, പ്രതിപക്ഷ നേതാവ് എന്നിവരടങ്ങുന്ന ഒരു മോണിറ്ററിംഗ് സെൽ രൂപീകരിക്കും.

59. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ റോഡുകളിൽ 'പോട്ട് ഹോളുകൾ' ഇല്ല എന്ന് ഉറപ്പാക്കുന്നതിനോടൊപ്പം മറ്റ് ഏജൻസികളുടെ കീഴിലുള്ള നഗര റോഡുകളിൽ 'പോട്ട് ഹോളുകൾ' ഇല്ലാതെ പരിപാലിക്കാനുള്ള നേതൃത്വപരമായ പങ്കുവഹിക്കുകയും ചെയ്യും.

60. ഈ സുപ്രധാന പദ്ധതിക്കായി ബജറ്റിൽ 2 കോടി രൂപ നീക്കിവെക്കുന്നു.

**മോഡൽ റോഡുകൾ**

61. തീരദേശ റോഡ്, ദേശാഭിമാനി റോഡ്, പനമ്പള്ളി റോഡ് മുതൽ തേവര റോഡ് വരെ, ചളിക്കവട്ടം റോഡ്, രാജാജി റോഡ്, പി.ഗംഗാധരൻ റോഡ്, ഫോർട്ട്കൊച്ചി ബീച്ച് റോഡ്, കെ.പി. വള്ളോൻ റോഡ് എന്നീ റോഡുകൾ മോഡൽ റോഡുകളായി വികസിപ്പിക്കും.

**തമ്മനം ജംഗ്ഷൻ വികസനം**

62. തമ്മനം-പുല്ലേപ്പടി റോഡ് വികസനവുമായി ബന്ധപ്പെട്ട് നിലവിൽ നടന്നു വരുന്ന പ്രവർത്തനങ്ങൾക്ക് പുറമെ തമ്മനം ജംഗ്ഷൻ വീതികൂട്ടി ആധുനിക സിഗ്നൽ സംവിധാനത്തോടു കൂടി പുന:ക്രമീകരിക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കുകയും ആയത് നടപ്പിലാക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുകയും ചെയ്യും. ഈ പ്രവർത്തനത്തിന് പ്രത്യേകമായി 2 കോടി രൂപ വകയിരുത്തുന്നു.

63. നഗരത്തിലെ കട്ടാക്കര റോഡ് വികസനത്തിനായി ആവശ്യമായ സ്ഥലം ഏറ്റെടുക്കും. ഇതിനായി ബജറ്റിൽ 40 ലക്ഷം രൂപ നീക്കിവെക്കുന്നു.

64. മധുരകമ്പനി പാലത്തിന് ആവശ്യമായ സ്ഥലവും ഏറ്റെടുക്കും.

## ഈ വർഷം ബി.എം.&ബി.സി. രീതിയിൽ അഞ്ചുവർഷ ഗ്യാരന്റിയോടെ നവീകരിക്കുന്ന റോഡുകൾ

65. സ്റ്റാച്ച്യു റോഡ് റീച്ച്-1 (കുമാരപറമ്പ് ജംഗ്ഷൻ മുതൽ സ്റ്റാച്ച്യു ജംഗ്ഷൻ വരെ), സ്റ്റാച്ച്യു റോഡ് റീച്ച്-2 (സ്റ്റാച്ച്യു ജംഗ്ഷൻ മുതൽ വെളി ജംഗ്ഷൻ വരെ), കുന്നുംപുറം-മട്ടാഞ്ചേരി ബസാർ റോഡ്, നസ്രത്ത് സ്റ്റാച്ച്യു ജംഗ്ഷൻ ഡയമണ്ട് പാർക്ക് മുതൽ മൂലങ്കുഴി, ആര്യാട് അത്തിപ്പൊഴി സൗദി മുണ്ടംവേലി റോഡ്, പണ്ടാരച്ചിറ റോഡ്, സാന്തോം റോഡ്, ജനകീയ

റോഡ്, വാട്ടർലാന്റ് റോഡ്, മറൈൻ ജംഗ്ഷൻ വരെയുള്ള റോഡ്, പട്ടാളം-ബിഷപ്പ് കുരീത്തറ റോഡ്, പുല്ലാർദേശം റോഡ്, നാരായണ നാശാൻ റോഡ്, സെന്റ് റീത്താസ് റോഡ്, ചളിക്കവട്ടം-കൊറ്റങ്കാവ് റോഡ്, പുതിയ റോഡ്-വെണ്ണല റോഡ്, ശിഹാബ് തങ്ങൾ റോഡ്, യുവജന സമാജം റോഡ്, നന്ദാനത്ത് കൊച്ചാക്കോ റോഡ്, പൊയിഷ റോഡ്, സംസ്കാര ജംഗ്ഷൻ മുതൽ പാടിവട്ടം സ്കൂൾ ജംഗ്ഷൻ വരെയുള്ള റോഡ്, സെബാസ്റ്റ്യൻ റോഡ്, കനാൽ റോഡ്, തേവര പണ്ഡിറ്റ് കറുപ്പൻ റോഡ് റീച്ച്-1 (തേവര ജംഗ്ഷൻ മുതൽ സെന്റ് ജോസഫ് ചർച്ച് വരെ), തേവര പണ്ഡിറ്റ് കറുപ്പൻ റോഡ് റീച്ച്-2 (സെന്റ് ജോസഫ് ചർച്ച് മുതൽ കുണ്ടന്നൂർ ബൈപ്പാസ് റോഡ് വരെ), തേവര പണ്ഡിറ്റ് കറുപ്പൻ റോഡ് റീച്ച്-3 (കുണ്ടന്നൂർ ബൈപ്പാസ് മുതൽ തേവര ഫെറി വരെ) എന്നീ റോഡുകൾ ബി.എം&ബി.സി. രീതിയിൽ ടാർ ചെയ്ത് അഞ്ചുവർഷ ഗ്യാരണ്ടിയോടെ നിർമ്മാണം പൂർത്തീകരിക്കും.

## പുതുക്കിപ്പണിയുന്ന മറ്റ് റോഡുകൾ

66. മെട്രോ റെയിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് നഗരത്തിലനുഭവപ്പെടുന്ന ഗതാഗതക്കുരുക്കിന് പരിഹാരമായി നഗരത്തിലെ റോഡുകൾ പുതുക്കിപ്പണിയുന്നതിനായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനോട് ആവശ്യപ്പെട്ടതു പ്രകാരം താഴെ പറയുന്ന റോഡുകൾ ഈ സാമ്പത്തിക വർഷം തന്നെ പുതുക്കിപ്പണിയുന്നതിന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് സമ്മതം അറിയിച്ചിട്ടുണ്ട്.

67. മാമംഗലം-പൊറ്റക്കുഴി റോഡ്, ചിലവന്നൂർ-പനമ്പള്ളി നഗർ ബണ്ട് റോഡ്, എ.കെ.ജി റോഡ്, തൈക്കൂടം ചർച്ച് റോഡ്, ജവഹർ റോഡ്, മസ്ജിദ് റോഡ്, ജനത റോഡ് (സഹോദരൻ അയ്യപ്പൻ റോഡ് മുതൽ തൈക്കൂടം അണ്ടർ പാസ് വരെ), ഫാത്തിമ മാതാ ചർച്ച് റോഡ്, പാരഡൈസ് റോഡ്, മണപ്പാട്ടിപറമ്പ് റോഡ്, എ.സി.എസ്. റോഡ്, ശാസ്താടെമ്പിൾ റോഡ്, പ്രൊവിഡൻസ് റോഡ്, കാരക്കാട്ട് ക്രോസ് റോഡ്, കാരിയർ സ്റ്റേഷൻ റോഡ്, കളത്തിപ്പറമ്പ് റോഡ്, എ.എം. തോമസ് റോഡ്, സദനം റോഡ്,

ഇടപ്പള്ളി രാഘവൻ പിള്ള റോഡ്, ബി.ടി.എസ്. റോഡ്, കലൂർ–പേരണ്ടൂർ റോഡ്, ദേവികുളങ്ങര–കച്ചേരിപ്പടി റോഡ്, ഇടപ്പള്ളി–പൊന്നവഴി റോഡ്, പാലാരിവട്ടം പി.ജെ ആന്റണി റോഡ്, ഇടപ്പള്ളി മാർക്കറ്റ് റോഡ്, ചങ്ങമ്പുഴ പാർക്ക് ബൈ റോഡ്, മുല്ലശ്ശേരി കനാൽ റോഡ്, ഗിരിനഗർ ക്രോസ് റോഡ്, ചിറ്റൂർ രാജാജി റോഡ് ജംഗ്ഷൻ മുതൽ വളഞ്ഞമ്പലം വരെ, ചിറ്റൂർ വടുതല ഗേറ്റ് മുതൽ വടുതല മേൽപ്പാലം വരെ, ഉദയനഗർ റോഡ് എന്നിവയാണ് കെ.എം.ആർ.എൽ. സഹായത്തോടെ പുതുക്കിപ്പണിയുന്ന റോഡുകൾ.

## ഇന്റർലോക്കിംഗ്

68. നഗരത്തിലെ എല്ലാ പ്രധാനപ്പെട്ട ജംഗ്ഷനുകളും തിരഞ്ഞെടുത്ത റോഡുകളും ബൈലയ്നുകളും ഇന്റർലോക്ക് ടൈൽ ചെയ്ത് പരിപാലിക്കും.

69. മുൻ ബജറ്റുകളിൽ പ്രഖ്യാപിച്ച എല്ലാ റോഡുകളുടേയും ആധുനികവത്കരണവും നവീകരണവും പൂർത്തീകരിക്കും.

70. പ്ലാൻ ഫണ്ട് ഉൾപ്പെടെ സാധ്യമായ എല്ലാ സ്രോതസ്സും ഉപയോഗപ്പെടുത്തിയായിരിക്കും റോഡുകളുടെ വികസനവും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും പൂർത്തീകരിക്കുക.

71. റോഡുകളുടെ ആധുനികവത്കരണത്തിനും നവീകരണത്തിനുമായി 35 കോടി രൂപ വകയിരുത്തുന്നു.

## പൊതുഗതാഗതം

72. UMTA യാഥാർത്ഥ്യമാകുന്നതോടുകൂടി കൊച്ചിയുടെ ഗതാഗത രംഗത്ത് ഏറെ മാറ്റങ്ങൾ ദർശിക്കാൻ കഴിയും. മുൻ ബജറ്റുകളിൽ നാം വിഭാവനം ചെയ്ത രീതിയിൽ ബസ്സ് റീ റൂട്ടിംഗ് അടക്കമുള്ള ആധുനിക രീതിയിലേക്ക് കൊച്ചിയിലെ ഗതാഗത സംവിധാനം മാറുമെന്ന കാര്യത്തിൽ തർക്കമില്ല. മെട്രോ റെയിലിന്റെ ഭാഗമായുള്ള ഫീഡർ സർവ്വീസുകളും ഇതിന്റെ

ഭാഗമായി പ്രവർത്തനക്ഷമമാകും. ആധുനികമായ ഓട്ടോസ്റ്റാന്റുകളും, GPS സംവിധാനമുള്ള ഓട്ടോകളുമടക്കം മറ്റു മേഖലയിലും ഈ മാറ്റം ഉണ്ടാകും.

## ഇന്റർനാഷണൽ റോ–റോ വെസ്സൽ ടെർമിനൽ

73. പശ്ചിമകൊച്ചിയുടെ ഗതാഗതരംഗത്ത് വലിയ മാറ്റങ്ങൾക്ക് തുടക്കമിടുന്ന റോ–റോ സർവ്വീസ് ആരംഭിക്കുന്നതിനോടനുബന്ധിച്ച് ഫോർട്ട്കൊച്ചി യിലും ഫോർട്ട് വൈപ്പിനിലും ലോകോത്തര നിലവാരത്തിലുള്ള റോ–റോ വെസ്സൽ ടെർമിനൽ സ്ഥാപിക്കും.

74. യാത്രക്കാർക്ക് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ വെസ്സൽ ടെർമിനലുകളായിരിക്കും നിർമ്മിക്കുക. റോ–റോ യാത്രക്കാവ ശ്യമായ കാർഡുകൾ സ്വൈപ്പ് ചെയ്യുന്ന മെഷീനുകളടക്കം സ്ഥാപിക്കുന്ന ടെർമിനലിൽ വാഹനങ്ങൾ റോ–റോയിൽ പ്രവേശിക്കുന്നതിന് കൃത്യത നൽകുന്ന ഇലക്ട്രോണിക്ക് സൗകര്യംകൂടി ഉണ്ടായിരിക്കും.

75. ഇതിലേക്കായി 2 കോടി രൂപ നീക്കിവെക്കുന്നു.

## നഗരത്തെ ബന്ധിപ്പിക്കുന്ന സിറ്റി റെയിൽ മെമു സർവ്വീസ്

76. മെട്രോ റെയിൽ നിർമ്മാണത്തോടൊപ്പം നഗരത്തിലെ റെയിൽ ഗതാഗത രംഗത്ത് പുതിയൊരു സിറ്റി റെയിൽ മെമു സർവ്വീസ് പദ്ധതി ഇന്ത്യൻ റെയിൽവേ ആസൂത്രണം ചെയ്ത് നടപ്പിലാക്കാനുദ്ദേശിക്കുന്നു. ഏറണാ കുളം നോർത്ത്-സൗത്ത് റെയിൽവേ സ്റ്റേഷൻ, ഓൾഡ് റെയിൽവേ സ്റ്റേഷൻ, ഹാർബർ റെയിൽവേ സ്റ്റേഷൻ, തൃപ്പൂണിത്തുറ, കുമ്പളം, ആലുവ എന്നീ സ്റ്റേഷനുകളുമായി ബന്ധിപ്പിക്കുന്ന സിറ്റി-മെമു സർവ്വീ സിനായാണ് റെയിൽവേ പദ്ധതി തയ്യാറാക്കുന്നത്.

77. കൊച്ചിയുടെ ഗതാഗത രംഗത്ത് ഏറെ ചലനാത്മകത സൃഷ്ടിക്കാൻ സാധി ക്കുന്ന, ഒട്ടേറെ ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കു

കയും ചെയ്യുന്ന ഈ സിറ്റി റെയിൽ മെമു പദ്ധതി യാഥർത്ഥ്യമാക്കുന്നതിന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ നേതൃത്വപരമായ പങ്ക് വഹിക്കും.

78. ഈ പദ്ധതിക്ക് മൊത്തം 30 കോടി രൂപയാണ് പ്രാരംഭ ചെലവുകൾക്കായി പ്രതീക്ഷിക്കുന്നത്. ആയതിൽ 15 കോടി രൂപ ഇന്ത്യൻ റെയിൽവേ വഹിക്കുമെന്നറിയുന്നു. ഈ പദ്ധതിക്കു വേണ്ടി വരുന്ന ബാക്കി 15 കോടി രൂപയിൽ 7.5 കോടി രൂപ ബഹു.സംസ്ഥാന സർക്കാർ അനുമതിയോടെ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ വഹിക്കും.

## മേൽപ്പാലങ്ങൾ

79. പച്ചാളം മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച് ഈ സാമ്പത്തിക വർഷം തന്നെ കൊച്ചിയിലെ പൗരാവലിക്കായി സമർപ്പിക്കും. അറ്റ്ലാന്റിസ് ROB, വാത്തുരുത്തി ROB, അമൃത ആശുപത്രിയിലേക്കുള്ള ROB എന്നിവയുടെ നിർമ്മാണം ഈ സാമ്പത്തികവർഷം തന്നെ ആരംഭിക്കും.

80. സ്പീഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന ഇടപ്പള്ളി, പാലാരിവട്ടം ഫ്ളൈ ഓവറുകളുടെ നിർമ്മാണം ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്. വൈറ്റില, കുണ്ടന്നൂർ ബൈപ്പാസ് ഫ്ളൈ ഓവറുകളുടെയും നിർമ്മാണം ഉടനടി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

81. മേൽപ്പാലങ്ങളുടെ നിർമ്മാണങ്ങൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 8 കോടി രൂപ നീക്കിവെക്കുന്നു.

## ലോക്കേഷൻ സൈറ്റ്മാപ്പ്

82. ഓരോ പ്രധാനപ്പെട്ട ജംഗ്ഷനുകളിലും ആ പ്രദേശത്തെ വ്യക്തമായി അടയാളപ്പെടുത്തുന്ന ലൊക്കേഷൻ മാപ്പുകൾ പ്രദർശിപ്പിക്കും.

83. റോഡുകൾ, പാർക്കുകൾ, പ്രദേശത്തെ പ്രധാന സ്ഥാപനങ്ങൾ, ലഭ്യമാകുന്ന സേവനങ്ങൾ എന്നിവയൊക്കെ ഉൾപ്പെടുത്തിയായിരിക്കും മാപ്പ് തയ്യാറാക്കുന്നത്.

84. ഈ പദ്ധതി പി.പി.പി മാതൃകയിൽ നടപ്പിലാക്കും.

## സ്ട്രീറ്റ് നമ്പറിംഗ് സംവിധാനം

85. നഗരത്തിലെ ഒരു പ്രധാന സ്ട്രീറ്റ് ഫോക്കൽ പോയിന്റായി എടുത്ത് വ്യത്യസ്ത ദിശകളിലേക്ക് അസന്റിംഗ്, ഡിസന്റിംഗ് ക്രമത്തിൽ സ്ട്രീറ്റ് നമ്പറുകൾ നൽകുന്ന പുതിയ രീതിക്ക് തുടക്കം കുറിക്കും.

86. ഈ പദ്ധതിയുടെ പ്രാഥമിക പഠനത്തിനായി 10 ലക്ഷം രൂപ നീക്കി വെക്കുന്നു.

## വീടുകൾക്ക് സ്ഥിരനമ്പർ

87. വീടുകൾക്ക് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ നൽകുന്ന നമ്പറുകൾ മാറിക്കൊണ്ടിരിക്കുന്ന സാഹചര്യമുണ്ട്. ആയതിന് മാറ്റം വരുത്തി വീടുകൾക്ക് നൽകുന്ന വീട്ട് നമ്പറിന് സ്ഥിരത നൽകുന്നതിന് പുതിയ സംവിധാനം നിലവിൽ വരും. ഒരു വീടിന് ഒരിക്കൽ കിട്ടിയ നമ്പർ ആയിരിക്കും എല്ലാ കാലത്തും ആ വീടിന്റെ വീട്ട് നമ്പർ എന്ന രീതിയിലായിരിക്കും ഈ സംവിധാനം ആവിഷ്കരിക്കുന്നത്.

## ഹോർഡിംഗ് അദാലത്ത്

88. തലങ്ങും വിലങ്ങും അധികൃതവും അനധികൃതവുമായ നിരവധി ഹോർഡിങ്ങുകളാണ് നഗരമുഖം വികൃതമാക്കുന്നത്. ഇവയുടെ നിയന്ത്രണത്തിനായി ശക്തമായ നടപടിയുമായാണ് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ മുന്നോട്ടുപോകുന്നത്.

89. ഇതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ഹോർഡിങ്ങുകളുമായി ബന്ധപ്പെട്ട് ഒരു ഹോർഡിംഗ് അദാലത്ത് സംഘടിപ്പിക്കും. ഈ അദാലത്തിൽ എല്ലാ തർക്കങ്ങളും പ്രശ്നങ്ങളും പരിഹരിക്കും. ഹോർഡിങ്ങുകൾക്കായി ഏർപ്പെടുത്തിയ പ്രത്യേക സ്ഥലങ്ങളിൽ മാത്രം അവ പ്രദർശിപ്പിക്കുവാ

നുള്ള തീരുമാനം നടപ്പിലാക്കും. ഈ അദാലത്തിന് ശേഷം കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ആംഗീകരിച്ചിട്ടുള്ള നിയമങ്ങൾക്ക് വിധേയ മായി മാത്രമേ ഹോർഡിംഗുകൾ അനുവദിക്കുകയുള്ളൂ. അനധികൃതമായ എല്ലാ ഹോർഡിംഗുകളും നീക്കംചെയ്യും.

## വൺ കൊച്ചി വൺ കളർ

90. വൺ കൊച്ചി വൺ കളർ പദ്ധതിയുടെ ഭാഗമായി കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ എല്ലാ കെട്ടിടങ്ങൾക്കും പൊതുനിറം നൽകും.

91. പദ്ധതിക്കായി 50 ലക്ഷം രൂപ നീക്കിവെക്കുന്നു.

## ബ്ലൂ ബസ്സ്

92. നഗരത്തിനായി ഒരു 'കളർ കോഡ്' രൂപീകരിക്കുന്നതിന്റെ ഭാഗമായി നഗരത്തിൽ നിലവിലുള്ള ബസ്സുകൾ ചുവപ്പ് നിറത്തിൽനിന്ന് നീല നിറത്തിലേക്ക് മാറ്റുന്ന പദ്ധതിക്ക് ആർ.ടി.ഒ., സ്വകാര്യ ബസ്സ് ഉടമകളുടെ സംഘടനങ്ങൾ എന്നിവരുമായി ചേർന്ന് നേതൃത്വം നൽകും.

93. ബ്ലൂ ബസ്സ് പദ്ധതി ആവിഷ്കരിക്കുന്നതിന് വൺ കൊച്ചി വൺ കളർ പദ്ധതിയുടെ ഭാഗമായി സബ്സിഡി നിരക്കിലുള്ള പെയിന്റുകൾ ലഭ്യമാക്കും.

## ഇ–ഗവേർണൻസ്

94. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സേവനങ്ങളുടെ 24 x 7 എന്ന സ്വപ്നം യാഥാർത്ഥ്യമാവുകയാണ്.

95. ഇ-ഗവേർണൻസുമായി ബന്ധപ്പെട്ട് നിലവിൽ 10 Pilot മോഡ്യൂളുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ജനന–മരണ–വിവാഹ മൊഡ്യൂളുകളും, സ്റ്റോറുകൾ, പരാതികൾക്കായുള്ള മൊഡ്യൂളുകൾ, ഫയൽ ട്രാക്കിംഗ്, കൗൺസിൽ മാനേജ്മെന്റ്, സർട്ടിഫിക്കറ്റ് വിതരണം, ടൗൺ ഹാൾ ബുക്കിംഗിനുള്ള

മൊഡ്യൂളുകൾ, Building Permit, ട്രേഡ് ലൈസൻസ് മൊഡ്യൂളുകൾ, വസ്തു നികുതിക്ക് ആവശ്യമായ സ്തംഭപാതത്തിന്റെ വ്യാപ്തി അടിസ്ഥാനമാക്കിയുള്ള മൂല്യനിർണ്ണയ മൊഡ്യൂളുകൾ എന്നിവ പൂർത്തീകരിക്കുകയും ലോഞ്ച് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

96. Non-Pilot മൊഡ്യൂളുകളിൽ 11 എണ്ണം ധ്രുതഗതിയിൽ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. M/s. TCS കൊച്ചി മുനിസിപ്പൽ കോർപ്പറേഷനു വേണ്ടി പരീക്ഷണാടിസ്ഥാനത്തിൽ തയ്യാറാക്കിയ C-MASS സോഫ്റ്റ്‌വെയറിലൂടെ ജനന-മരണ-വിവാഹ രജിസ്ട്രേഷൻ തുടങ്ങിയവ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചുകഴിഞ്ഞു. സർട്ടിഫിക്കറ്റ് വിതരണത്തിനായുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. 2015-16 സാമ്പത്തികവർഷം തുടക്കത്തിൽ തന്നെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാൻ സാധിക്കും. ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്.

97. നിലവിൽ എല്ലാ മൊഡ്യൂളുകളുടേയും യൂസർ അക്സപ്റ്റൻസ് ടെസ്റ്റ് പൂർത്തീകരിച്ചിട്ടുണ്ട്. എല്ലാ പ്രധാന ഡാറ്റാ കേന്ദ്രങ്ങളിലും ആവശ്യമായ സർവ്വറുകൾ സ്ഥാപിക്കുകയും ആവശ്യമായ പോർട്ടൽ (https://cochinmunicipalcorporation.kerala.gov.in) തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ മെയിൻ ഓഫീസും, സോണൽ ഓഫീസും, സർക്കിൾ ഓഫീസുകളും തമ്മിൽ ബന്ധപ്പെടുത്തുന്ന Wide Area Network Connectivity യും പൂർത്തീകരിച്ചിട്ടുണ്ട്. ആയതുപോലെ തന്നെ കൊച്ചി മുനിസിപ്പൽ കോർപ്പറേഷനും സംസ്ഥാന ഡാറ്റ സെന്ററും മറ്റ് കോർപ്പറേഷൻ സബ് ഓഫീസുകളും തമ്മിലുള്ള Wide Area Network Connectivity യും പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ Annual Rental തുക BSNLൽ അടച്ച് തീർത്തിട്ടുണ്ട്.

98. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ സേവനങ്ങൾക്കായി ഒരു കോൾ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. വരുന്ന

സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ ജനങ്ങൾക്ക് പൂർണ്ണ തോതിൽ ഇ-ഗവേർണൻസ് സേവനം ലഭ്യമാക്കാൻ സാധിക്കുമെന്നത് ഏറെ അഭിമാനത്തോടെ പ്രഖ്യാപിക്കുന്നു.

## എം-ഗവേർണൻസ്

99. ആധുനിക നഗരങ്ങൾ അവരുടെ സേവനങ്ങൾ മൊബൈൽ ആപ്ലിക്കേഷൻ വഴി ലഭ്യമാക്കുന്ന കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. മുനിസിപ്പൽ സേവനങ്ങൾ ഒട്ടുമുക്കാലും എം-ഗവേർണൻസിലൂടെ പൗരന്മാർക്ക് ലഭ്യമാക്കാൻ കഴിയുന്ന രീതിയിൽ ടെക്നോളജി വളർന്നിട്ടുണ്ട്. പൊതുജനങ്ങളുടെ സേവനത്തിനായുള്ള ഇ-ഗവേർണൻസ് പദ്ധതി പൂർത്തീകരണത്തിലെത്തിയതിനാൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷന് എം-ഗവേർണൻസ് അനായാസം നടപ്പിലാക്കാൻ സാധിക്കുന്നതാണ്.

100. ആയതിന്റെ അടിസ്ഥാനത്തിൽ എം-ഗവേർണൻസ് പദ്ധതി ഈ സാമ്പത്തിക വർഷം തന്നെ നടപ്പിലാക്കും ഇതിനായി വിവിധ സോഫ്റ്റ്വെയർ കമ്പനികളുമായും സർവ്വീസ് പ്രൊവൈഡേഴ്സുമായും സഹകരിച്ച് പ്രവർത്തിക്കും. മൊബൈൽ എസ്.എം.എസ്. വഴി പൗരന്മാർക്ക് കൊച്ചി മുനിസിപ്പൽ കോർപ്പറേഷനുമായി ബന്ധപ്പെട്ട സേവനങ്ങൾ (ജനന-മരണ സർട്ടിഫിക്കറ്റുകൾ, വിവിധ ടാക്സ് വിവരങ്ങൾ, പെർമിറ്റ് പുതുക്കൽ തുടങ്ങിയവ) അറിയുവാനും ഉപയോഗപ്പെടുത്തുവാനും സാധിക്കും.

101. എം-ഗവേർണൻസ് പദ്ധതിക്കായി 1 കോടി രൂപ നീക്കിവെക്കുന്നു.

## സ്മാർട്ട് ഓഫീസ്

102. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ എല്ലാ ഓഫീസുകളും ആധുനിക രീതിയിൽ സജ്ജീകരിച്ച് സ്മാർട്ട് ഓഫീസുകളാക്കി മാറ്റും. ഇ-ഗവേർണൻസ്, എം-ഗവേർണൻസ് എന്നീ സംവിധാനങ്ങൾ പ്രാബല്യത്തിൽ വരുന്നതോടെ ഇവ ജനങ്ങൾക്ക് പൂർണ്ണമായും ഉപയുക്തമാക്കാനുള്ള

ആധുനിക സംവിധാനങ്ങളോടു കൂടിയായിരിക്കും സ്മാർട്ട് ഓഫീസുകൾ തയ്യാറാക്കുക.

103. ഇതിനായി ബജറ്റിൽ 2 കോടി രൂപ നീക്കിവെക്കുന്നു.

## ടൗൺ പ്ലാനിംഗ് ഡിപ്പാർട്ട്മെന്റ് ആധുനികവത്ക്കരിക്കും

104. നഗരാസൂത്രണവുമായി ബന്ധപ്പെട്ട മുഴുവൻ അടിസ്ഥാന രേഖകളും സർവ്വേ മാപ്പുകളും ശേഖരിച്ച് ഡിജിറ്റലൈസ് ചെയ്ത് ടൗൺ പ്ലാനിംഗ് ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനത്തിന് ഉപയുക്തമാക്കും. ടൗൺ പ്ലാനേഴ്സും സർവ്വേയർമാരടക്കമുള്ള സാങ്കേതിക വിദഗ്ദ്ധരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

105. ഇതിനായി 20 ലക്ഷം രൂപ വകയിരുത്തുന്നു.

## ISO 9001 സർട്ടിഫിക്കേഷൻ

106. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ കാര്യക്ഷമതയും, സേവന സംവിധാനവും മെച്ചപ്പെടുത്തും. ആയതിനായി RFD (Results Framework Document) തയ്യാറാക്കുകയും കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ മാനേജ്മെന്റ് സിസ്റ്റം ആധുനികവത്ക്കരിക്കുകയും സേവന മേഖല കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്യും. ISO Certification നേടുന്നതിനായി അടിസ്ഥാനപരമായി വരുത്തേണ്ട എല്ലാ മാറ്റങ്ങളും നടപ്പിൽ വരുത്തും.

## സ്മാർട്ട്സിറ്റി

107. രാജ്യത്തെ 100 നഗരങ്ങളെ സ്മാർട്ട് സിറ്റിയാക്കി വികസിപ്പിക്കുന്നതിനുള്ള ഒരു വൻ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് രൂപം കൊടുത്തിട്ടുണ്ട്. അടിസ്ഥാന സൗകര്യ മേഖലയിലും നഗരാസൂത്രണ രംഗത്തും സാമൂഹ്യ-സുരക്ഷാ രംഗത്തുമടക്കം വിവിധ മേഖലകളിൽ നഗരങ്ങൾ നേടിയ

മുന്നേറ്റത്തെ അടിസ്ഥാനമാക്കിയാണ് സ്മാർട്ട് സിറ്റി പദ്ധതിയിലേക്ക് ഒരു സിറ്റി നോമിനേറ്റ് ചെയ്യപ്പെടുക. സ്മാർട്ട് സിറ്റി വിഭാഗത്തിലേക്ക് ഒരു നഗരം നോമിനേറ്റ് ചെയ്യപ്പെട്ടാൽ CREDIT RATING നടത്താൻ ആ നഗരത്തിന് അർഹതയുണ്ട്. ആയത് ഫണ്ടുകളും ലോണുകളും ലഭിക്കുന്നതിന് ഏറെ സഹായകരമാകും.

108. നഗരവളർച്ചയ്ക്കും ആധുനികവത്ക്കരണത്തിനും ഏറെ സഹായകരമാകുന്ന സ്മാർട്ട് സിറ്റി പദ്ധതിയിൽ കൊച്ചി നഗരത്തെ ഉൾപ്പെടുത്തുന്നതിനാവശ്യമായ എല്ലാ സാഹചര്യങ്ങളും ഒരുക്കും. ഇതിനായി കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഒരു Special Secretariat രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കും.

109. ഇതിലേക്കായി 1 കോടി രൂപ നീക്കിവെക്കുന്നു.

## മാലിന്യ സംസ്ക്കരണം

110. മാലിന്യ സംസ്കരണ രംഗത്ത് പരാതികളില്ലാത്ത വർഷങ്ങളാണ് കടന്നു പോയത്. നഗരഭരണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട മേഖലയായ മാലിന്യ സംസ്കരണം മാതൃകാപരമായി കൈകാര്യം ചെയ്തതിന് കൊച്ചിക്കും ഈ കൗൺസിലിനും ഏറെ അഭിമാനിക്കാം.

111. വികേന്ദ്രീകൃത മാലിന്യ സംസ്കരണം ഏറെ വിജയകരവും ശാസ്ത്രീയവുമായ രീതിയിൽ നടപ്പിലാക്കി. റെസിഡൻസ് അസോസിയേഷനുകൾ ഈ കാര്യത്തിൽ മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. കുടുംബശ്രീ യൂണിറ്റുകളും ക്രെഡായി പോലുള്ള സംഘടനകളും വികേന്ദ്രീകൃത മാലിന്യ സംസ്കരണ യജ്ഞത്തിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷനോടു തോളോടു തോൾ ചേർന്ന് പ്രവർത്തിക്കുന്നുണ്ട്.

112. JnNURM ഫണ്ടുപയോഗിച്ച് കൊച്ചി മുനിസിപ്പൽ കോർപ്പറേഷനും കൊച്ചി അഗ്ലോമറേഷനിലുൾപ്പെടുന്ന തൃക്കാക്കര, തൃപ്പൂണിത്തുറ, കളമശ്ശേരി എന്നീ മുനിസിപ്പാലിറ്റികൾക്കും ആവശ്യമായ അത്യാധുനിക

ഉപകരണങ്ങളും വാഹനങ്ങളും നൽകിയിട്ടുണ്ട്. വരാപ്പുഴ പഞ്ചായത്തിന് ഖരമാലിന്യ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ബയോബിൻ യൂണിറ്റുകൾ നൽകുന്നതാണ്. ഇതിലേക്കായി 45 കോടി രൂപ അനുവദിച്ചതിൽ നാളിതുവരെ 36.7 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

113. മാലിന്യസംസ്കരണ രംഗത്തെ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ വകയിരുത്തുന്നു.

## സർക്കാർ സഹായത്തോടെ ബ്രഹ്മപുരത്ത് സ്ഥാപിക്കുന്ന പുതിയ പ്ലാന്റ്

114. ബ്രഹ്മപുരത്ത് ആധുനിക സങ്കേതികവിദ്യയുടെ സഹായത്തോടു കൂടിയുള്ള പുതിയ ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണത്തിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. പദ്ധതി നടത്തിപ്പിന്റെ 'ട്രാൻസാക്ഷൻ അഡ്വൈസറായ' സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള 'കിറ്റ്കോ' എന്ന സ്ഥാപനം പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ സാങ്കേതിക ക്രമീകരണങ്ങൾ നടത്തുകയും വിവിധ തലങ്ങളിലൂടെയുള്ള പ്രവർത്തനത്തിലൂടെ പ്ലാന്റ് നിർമ്മാണത്തിന് ആവശ്യമായ സങ്കേതിക മികവും സാമ്പത്തിക ഭദ്രതയും ഉള്ള 2 കമ്പനികളെ ഷോർട്ട് ലിസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ബഹു. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ശുചിത്വമിഷനും ഈ പ്രവർത്തനങ്ങളിൽ പരിപൂർണ്ണമായ പങ്കാളിത്തം വഹിക്കുന്നുണ്ട്. ആവശ്യമായ നടപടി ക്രമങ്ങൾക്കുശേഷം പ്ലാന്റ് നിർമ്മാണത്തിനും നടത്തിപ്പിനുമായുള്ള ചുമതല അർഹതയുള്ള കമ്പനികൾക്ക് നൽകുവാനുള്ള പ്രവർത്തനം ചുരുങ്ങിയ കാലയളവിനുള്ളിൽ തന്നെ നടപ്പിലാക്കും.

## നിലവിലുള്ള പ്ലാന്റിന്റെ അപ്ഗ്രഡേഷൻ

115. ബ്രഹ്മപുരത്ത് നിലവിലുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റ് സർക്കാർ സഹായത്തോടെ നിർമ്മിക്കുന്ന പുതിയ പ്ലാന്റ് സജ്ജമാകുന്നതുവരെ

പ്രവർത്തന നിരതമാകേണ്ടതുണ്ട്. നിലവിലുള്ള പ്ലാന്റിന്റെ അറ്റകുറ്റപണികൾക്കും അപ്ഗ്രഡേഷനുമായി ഈ ബജറ്റിൽ 5 കോടി രൂപ നീക്കിവെക്കുന്നു.

## മാലിന്യശേഖരണത്തിന് ഫീസ്

116. നിലവിൽ ഹോട്ടലുകൾ അടക്കമുള്ള വാണിജ്യ സ്ഥാപനങ്ങളിൽനിന്നും മാലിന്യശേഖരണം സൗജന്യമായാണ് നടക്കുന്നത്.

117. മാലിന്യ ശേഖരണത്തിന് ഫീസ് ഈടാക്കുന്നതിനെക്കുറിച്ച് മുൻ ബജറ്റിൽ പ്രതിപാദിച്ചിട്ടുണ്ട്.

118. 2015 ഏപ്രിൽ 1 മുതൽ വാണിജ്യ സ്ഥാപനങ്ങളിൽനിന്ന് മാലിന്യ ശേഖരണത്തിന് കൃത്യമായ ഫീസ് ഈടാക്കും. മാലിന്യത്തിന്റെ തൂക്കം, സ്വഭാവം എന്നിവ അനുസരിച്ചായിരിക്കും ഫീസ് ഈടാക്കുന്നത്.

## പ്ലാസ്റ്റിക് പ്രോസസ്സിംഗ് യൂണിറ്റ്

119. ബ്രഹ്മപുരത്ത് ക്ലീൻ കേരള കമ്പനിയുമായി സഹകരിച്ചുകൊണ്ട് പ്ലാസ്റ്റിക് പ്രോസസ്സിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം അന്തിമ ഘട്ടത്തിലാണ്. ഇതിന് ആവശ്യമായ സ്ഥലവും വൈദ്യുതിലൈനും ലഭ്യമാക്കിയിട്ടുണ്ട്. മിഷൻ കൊച്ചി പദ്ധതിയിൽ ഉൾപ്പെടുത്തി ദ്രുതഗതിയിലാണ് പ്ലാസ്റ്റിക് പ്രോസസ്സിംഗ് യൂണിറ്റിന്റെ നിർമ്മാണം നടക്കുന്നത്. നഗരത്തിൽ നിന്ന് ഉത്പാദിപ്പിക്കുന്ന മുഴുവൻ പ്ലാസ്റ്റിക്കുകളും റീ–പ്രോസസ്സ് ചെയ്യുന്ന വിധത്തിലാണ് പ്ലാന്റ് പ്രവർത്തിക്കുക.

## കൊതുക് നിവാരണം

120. കൊതുക് നിവാരണ പ്രവർത്തനങ്ങൾക്ക് ശാസ്ത്രീയവും സമഗ്രവുമായ സമീപനമാണ് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സ്വീകരിച്ചുവരുന്നത്. റെസിഡൻസ് അസോസിയേഷനുകളുടേയും മറ്റ് പൗരസംഘടനകളുടേയും സന്നദ്ധ സംഘടനകളുടേയും സഹകരണത്തോടെ ഈ മേഖലയിൽ

നമുക്കേറെ മുന്നേറാനായെങ്കിലും കൊതുകളുടെ പ്രജനനവും പെരുകലും പൂർണ്ണമായും തടയുവാൻ സാധിച്ചിട്ടില്ല. ചില ഡിവിഷനുകളിൽ ഇപ്പോഴും കൊതുകുശല്യം രൂക്ഷമായി തന്നെ തുടരുന്നുണ്ട്. ഈ രംഗത്ത് നിരവധി യായ പ്രവർത്തനങ്ങൾ ഇനിയും നടത്തേണ്ടതുണ്ട്. വെക്ടർ കൺട്രോൾ ലാബുകൾ സ്ഥാപിക്കുന്നതടക്കമുള്ള പ്രവർത്തനങ്ങൾ ഉടനടി തന്നെ ആരംഭിക്കും.

121. കൊതുക് നിവാരണ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ നീക്കി വെക്കുന്നു.

## വെള്ളക്കെട്ട്

122. നഗരത്തിലെ വെള്ളക്കെട്ട് നിവാരണത്തിനായി വളരെ ശാസ്ത്രീയമായ പദ്ധതികളാണ് കഴിഞ്ഞ നാല് വർഷമായി കൊച്ചി മുനിസിപ്പൽ കോർപ്പ റേഷൻ നടപ്പിലാക്കി വരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ നഗര ത്തിലെ വെള്ളക്കെട്ടിന് ഏറെ ശമനം വന്നിട്ടുണ്ട്. പശ്ചിമ കൊച്ചിയുടെ വെള്ളക്കെട്ട് നിവരണത്തിനായി തയ്യാറാക്കിയ വിശദമായ പദ്ധതിരേഖ സാമ്പത്തിക സഹായത്തിനായി കേന്ദ്ര ഗവൺമെന്റിന് മുന്നിൽ സമർപ്പി ച്ചിട്ടുണ്ട്. നഗരത്തിനായുള്ള ഡ്രെയിനേജ് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന തിനുള്ള പ്രവർത്തനങ്ങൾ ഏറെ പുരോഗമിച്ച് വരുന്നു.

123. വെള്ളക്കെട്ട് നിവാരണ പദ്ധതികൾക്കായി 5 കോടി രൂപ നീക്കി വെക്കുന്നു.

## കനാലുകൾ

124. കനാലുകളുടെ സുഗമമായ നീരൊഴുക്കും സംരക്ഷണവും ഏറ്റവും പ്രാ ധാന്യത്തോടെ തന്നെയാണ് ഈ കൗൺസിൽ കൈകാര്യം ചെയ്തിട്ടുള്ളത്. തേവര–പേരണ്ടൂർ കനാൽ, കൽവത്തി–രമേശ്വരം കനാൽ, നഗരത്തിലെ മറ്റ് കനാലുകൾ എന്നിവയുടെ സംരക്ഷണത്തിനായി നിരവധി പ്രവർത്ത നങ്ങളാണ് കഴിഞ്ഞ നാലു വർഷമായി നടത്തിവരുന്നത്.

125. നഗരത്തിലെ മുഴുവൻ കനാലുകളുടേയും സുഗമമായ നീരൊഴുക്കിനായി ഭിത്തികൾ പണിത് ഫെൻസിങ്ങ് ചെയ്ത് സംരക്ഷിക്കുന്നതിനായുള്ള ഒരു ബൃഹദ്പദ്ധതിക്ക് ഈ വർഷം തന്നെ തുടക്കംകുറിക്കും.

126. കനാലുകളുടെ നവീകരണത്തിനും സംരക്ഷണത്തിനുമായി 5 കോടി രൂപ നീക്കിവെക്കുന്നു.

## കൊച്ചി ഇന്റർനാഷണൽ കൺവെൻഷൻ ആന്റ് കൾച്ചറൽ സെന്റർ

127. സിംഗപ്പൂരടക്കമുള്ള ലോകത്തിലെ പല നഗരങ്ങളും വിനോദസഞ്ചാരവും സാമ്പത്തിക വികസനവും ലക്ഷ്യമാക്കി നിരവധി ആധുനികമായ കൺവെൻഷൻ സെന്ററുകളും കോൺഫറൻസ് വെന്യൂകളും നിർമ്മിച്ചുകൊണ്ട് തങ്ങളുടെ നഗരങ്ങളെ കൺവെൻഷൻ ഹോട്ട് സ്പോട്ടുകളാക്കുന്നതിനുള്ള തീവ്രശ്രമത്തിലാണ്. സിംഗപ്പൂരും ദുബായുമൊക്കെ സർക്കാർ–സ്വകാര്യ പങ്കാളിത്തത്തോടെ നിരവധി പ്രോജക്ടുകൾക്കാണ് ഈ മേഖലയിൽ രൂപംകൊടുത്തിട്ടുള്ളത്.

128. കൊച്ചി ഇന്ന് സൗത്ത് ഏഷ്യയിലെ ഏറ്റവും പ്രധാനപ്പെട്ട നഗരങ്ങളിലൊന്നായി മാറിക്കൊണ്ടിരിക്കുകയാണെങ്കിലും ഒരു ഇന്റർനാഷണൽ ഹബ് ആയി വളരുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഏവരാലും ചർച്ച ചെയ്യപ്പെടുന്ന ഒന്നാണ്. ഈ പശ്ചാത്തലത്തിലാണ് കൊച്ചിയിലൊരു ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ എന്ന ആശയത്തിന് രൂപം കൊടുത്തിരിക്കുന്നത്.

129. ലോകോത്തര നിലവാരത്തിലുള്ള ഏറ്റവും ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു കൺവെൻഷൻ സെന്റർ കം കൾച്ചറൽ സെന്ററിന്റെ നിർമ്മാണത്തിന് ഈ സമ്പത്തിക വർഷം തന്നെ തുടക്കം കുറിക്കും. ചേരാനെല്ലൂരിൽ കണ്ടെയ്നർ റോഡിന് തൊട്ട് സമീപമായിക്കിടക്കുന്ന മുനിസിപ്പൽ കോർപ്പറേഷന്റെ സ്ഥലത്തായിരിക്കും കൺവെൻഷൻ സെന്റർ നിർമ്മിക്കുക.

130. ബഹു. കേരള സർക്കാർ അനുമതിയോടെ പ്രവാസി മലയാളികളുടെ നിക്ഷേപം ഈ സംരഭത്തിനായി വിനിയോഗിക്കും.

131. ഈ പദ്ധതിയുമായി ബന്ധപ്പെട്ട പ്രാരംഭ ചർച്ചകളും കരട് രൂപരേഖ തയ്യാറാക്കലും ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്.

## വിദ്യാഭ്യാസം

### ഭൗതിക സൗകര്യ വികസനത്തിനായി പ്രത്യേക പദ്ധതി

132. നഗരസഭയുടെ നിയന്ത്രണത്തിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പ്രത്യേകപദ്ധതി തയ്യാറാക്കും. പുതിയതും അന്താരാഷ്ട്ര നിലവാരത്തിലുള്ളതുമായ ക്ലാസ്സ് മുറികൾ നിർമ്മിക്കുക, കളിസ്ഥലമുള്ള സ്ക്കൂളുകളിൽ കളിസ്ഥലം കൂടുതൽ മെച്ചപ്പെടുത്തുക, നടപ്പാതകളിൽ ടൈൽസ് വിരിക്കുക, സ്ക്കൂൾ കോമ്പൗണ്ട് മതിൽ കെട്ടി സംരക്ഷിക്കുക തുടങ്ങിയവ ഈ പദ്ധതിയുടെ ഭാഗമാക്കും. വിദ്യാർത്ഥികൾക്കായി കൂടുതൽ ബെഞ്ചും ഡസ്ക്കും ലഭ്യമാക്കും. സ്ക്കൂളുകളിൽ പുതിയ ടോയ്‌ലറ്റ്, ലാട്രിൻ എന്നിവ നിർമ്മിക്കും. പുതിയ ലൈബ്രറി, പുസ്തകം സൂക്ഷിക്കുന്നതിനുള്ള ഷെൽഫ് സൗകര്യം എന്നിവ ഒരുക്കും. ഈ പദ്ധതിയുടെ ഭാഗമായി എല്ലാ വിദ്യാലയങ്ങളിലും പ്രത്യേക ലാംഗ്വേജ് ലാബുകൾ തയ്യാറാക്കും.

133. സ്ക്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പ്രത്യേക പദ്ധതിക്കായി 2 കോടി രൂപ നീക്കിവെക്കുന്നു.

### ഹാർഡ്‌വെയർ ക്ലിനിക്ക്

134. സർക്കാർ വിദ്യാലയങ്ങളിലെ കേടായ കമ്പ്യൂട്ടർ, ലാപ്പ്ടോപ്പ് എന്നിവ ഉപയോഗയോഗ്യമാക്കുന്നതിന് ഒരു ഹാർഡ്‌വെയർ ക്ലിനിക്ക് ആരംഭിക്കും.

135. കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ എല്ലാ ഹയർ സെക്കന്ററി സ്ക്കൂളുകളിലും കമ്പ്യൂട്ടർ ലാബുകൾ, സ്മാർട്ട് ക്ലാസ് റൂമുകൾ, ആധുനിക ലാബ് സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തും.

136. ഹാർഡ്വെയർ ക്ലിനിക്ക്, കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ് റൂമുകൾ എന്നിവക്കായി ഈ ബജറ്റിൽ 1 കോടി രൂപ നീക്കിവെക്കുന്നു.

## എസ്.ആർ.വി. സ്കൂളിലെ സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം

137. എസ്.ആർ.വി സ്കൂളിൽ നിലവിലുള്ള സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം പുന:രുദ്ധീകരിക്കും.

138. ഈ ബജറ്റിൽ 50 ലക്ഷം രൂപ നീക്കിവെക്കുന്നു.

## പൊതുമാർക്കറ്റുകളുടെ നവീകരണം

139. പട്ടാളം, കൂവപ്പാടം, പോളക്കണ്ടം, വടുതല എന്നിവിടങ്ങളിലുള്ള മാർക്കറ്റുകളുടെ പുന:രുദ്ധാരണത്തിന് ഈ ബജറ്റിൽ പ്രത്യേക ഊന്നൽ നൽകും.

140. പൊതു മാർക്കറ്റുകളുടെ നവീകരണത്തിനായി 1 കോടി രൂപ നീക്കി വെക്കുന്നു.

## സുഭാഷ്ചന്ദ്രബോസ് പാർക്കിന് ആധുനിക മുഖം

141. നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട പൊതു ഇടങ്ങളിൽ ഒന്നായ സുഭാഷ് ചന്ദ്രബോസ് പാർക്ക് നവീകരിക്കുന്നതിനായി ബൃഹത്തായ ഒരു സൗന്ദര്യവത്ക്കരണപദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പാർക്കിൽ ഇന്റർലോക്കിംഗ് ടൈലും പേവ്ഡ് ടൈലും പാകിയ നടപ്പാതയുടെ നിർമ്മാണം ഇതിനകംതന്നെ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

142. പാർക്ക് മുഴുവനും ഏറ്റവും ആധുനികമായ രീതിയിൽ പുൽത്തകിടി പിടിപ്പിക്കുന്ന പ്രവർത്തനവും ആരംഭിച്ചുകഴിഞ്ഞു.

143. എല്ലാ വൃക്ഷങ്ങളും പ്രൂണിംഗ് ചെയ്ത് നിലനിർത്തുന്നതിനുള്ള പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

144. പാർക്കിലെ മുഴുവൻ വൈദ്യുതി സംവിധാനങ്ങളും പുതുക്കി പണിത് Energy Efficient Lighting System ആയ എൽ.ഇ.ഡി. ഓർണമെന്റൽ ലൈറ്റിംഗ് രീതിയിലേക്ക് മാറ്റുന്ന പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്.

145. പാർക്കിൽ നിലവിലുള്ള മുഴുവൻ കളിയുപകരണങ്ങളും മാറ്റി ഏറ്റവും ആധുനിക രീതിയിൽ തയ്യാറാക്കിയ കളിയുപകരണങ്ങൾ സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്.

146. ആധുനിക രീതിയിൽ സജ്ജീകരിക്കുന്ന '**മ്യൂസിക്ക് കോർണറുകൾ**' ഈ നവീകരണ പദ്ധതിയുടെ ഭാഗമായിരിക്കും. പാർക്കിലെ വിവിധ കോർണറുകളിൽ സംഗീതാസ്വാദകർക്കായി ഇന്ത്യൻ ആന്റ് വെസ്റ്റേൺ ക്ലാസിക്കൽ സംഗീതം, പഴയതും പുതിയതുമായ മലയാളം-ഹിന്ദി സിനിമാ-നാടക ഗാനങ്ങളും ഗസ്സലുകളും ഇൻസ്ട്രുമെന്റൽ സംഗീതവും മ്യൂസിക്ക് കോർണറുകളിൽ തുടർച്ചയായി ലഭ്യമാവും.

147. പ്ലാൻ ഫണ്ട്, CSR ഫണ്ട്, തനത് ഫണ്ട് എന്നിവ ഉപയോഗിച്ച് കൊണ്ടാണ് ഈ പദ്ധതി പുരോഗമിക്കുന്നത്.

148. പദ്ധതി പൂർത്തീകരണത്തിനായി 1.5 കോടി രൂപ നീക്കിവെക്കുന്നു.

## ഫോർട്ട്കൊച്ചി ബീച്ച് ഇനി ക്വീൻ ബീച്ച്

149. കേരളത്തിൽ ഏറ്റവും കൂടുതൽ ടൂറിസ്റ്റുകൾ എത്തുന്ന ഫോർട്ട്കൊച്ചി മഹാത്മാഗാന്ധി ബീച്ച് നവീകരിച്ച് സൗന്ദര്യവത്ക്കരിച്ച് ഒരു പുതിയ മുഖം നൽകും. ലോക പ്രശ്സതരായ അർബൻ ഡിസൈനേഴ്സിന്റേയും പ്ലാനേഴ്സിന്റേയും ലാന്റ്സ്കേപ്പ് ആർക്കിടെക്ടുകളുടെയും സേവനം ഇതിനായി ഉപയുക്തമാക്കും.

150. ഒരു വ്യക്തമായ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലായിരിക്കും ഈ ബീച്ചിന്റെ നവീകരണവും പരിപാലനവും. ഫോർട്ട്കൊച്ചി നെഹ്റു പാർക്കിന്റെ പുന:രുദ്ധാരണവും ഈ പദ്ധതിയുടെ ഭാഗമാക്കും.

151. പദ്ധതിക്കായി 1 കോടി രൂപ നീക്കിവെക്കുന്നു.

## പാർക്കുകളുടേയും ഗ്രൗണ്ടുകളുടേയും നവീകരണം

152. ചെറുതും വലുതുമായ എല്ലാ പാർക്കുകളും ഗ്രൗണ്ടുകളും പൊതുസ്ഥലങ്ങളും നിയമപരമായി സംരക്ഷിക്കുകയും നവീകരിക്കുകയും സൗന്ദര്യവത്ക്കരിക്കുകയും ചെയ്യും. എ.എ. കൊച്ചുണ്ണിമാസ്റ്റർ പാർക്ക്, ഗിരിനഗർ നോർത്ത് പാർക്ക്, താമരക്കുളം പാർക്ക്, സെൻട്രൽ പാർക്ക്, ഗോൾഡൻ പാർക്ക്, എം.ഐ.ജി. പാർക്ക്, സൗത്ത് ഗിരിനഗർ പാർക്ക്, പി.ജെ ആന്റണി പ്ലേഗ്രൗണ്ട്, ഫോർട്ട്കൊച്ചി പട്ടാളം ഗ്രൗണ്ട്, ടിപ് ടോപ്പ് അസ്സീസ്സ് ഗ്രൗണ്ട് അടക്കം എല്ലാ പാർക്കുകളും ഗ്രൗണ്ടുകളും പ്ലാൻ ഫണ്ട് അടക്കമുള്ളവ ഉപയോഗിച്ച് നവീകരിക്കുകയും സൗന്ദര്യവത്ക്കരിക്കുകയും ചെയ്യും.

## ഇടക്കൊച്ചിക്കായി പുതിയ പാർക്ക്

153. ഇടക്കൊച്ചി ബസ് സ്റ്റാന്റിന് സമീപം പുതിയ പാർക്ക് സ്ഥാപിക്കും.

## സോളാർ സിറ്റി

154. കൊച്ചിയെ ഒരു സോളാർ സിറ്റി ആക്കുന്നതിനുള്ള പദ്ധതി ഏറെ മുന്നോട്ട് പോയിട്ടുണ്ട്. സോളാർ സിറ്റി ഡ്രാഫ്റ്റ് മാസ്റ്റർ പ്ലാൻ പൂർത്തീകരിക്കുകയും സോളാർ സെൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്കായി കേന്ദ്രസർക്കാർ സാമ്പത്തിക സഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

155. ഈ സമ്പത്തിക വർഷം തന്നെ സോളാർ സിറ്റി പ്രോജക്ട് കമ്മീഷൻ ചെയ്യാൻ സാധിക്കും. പൂർണ്ണമായും കേന്ദ്രഗവൺമെന്റ് സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്.

156. സോളാർ സിറ്റി പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പൂർണ്ണമായ കോർഡിനേഷൻ നിർവ്വഹിക്കുന്നത് സി-ഹെഡ് ആണ്.

## സൗരോർജ്ജ പാനലുകൾ

157. സോളാർ സിറ്റി പദ്ധതിയുടെ ഭാഗമായി നഗരത്തിലെ പൊതുകെട്ടിടങ്ങളിൽ സൗരോർജ്ജ പാനലുകൾ നിർബന്ധമാക്കും. സ്വകാര്യ കെട്ടിടങ്ങളിൽ സൗരോർജ്ജ പാനൽ നിർബന്ധമാക്കുവാനുള്ള നടപടികൾ ആരംഭിക്കും.

## പാർട്ട്ണർ കേരള

158. പാർട്ട്ണർ കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഈ വർഷം തന്നെ ആരംഭിക്കും. കലൂർ മണപ്പാട്ടിപ്പറമ്പിലെ വാണിജ്യ സമുച്ചയം, പടിയാത്തുകുളത്ത് കൊമേഴ്സ്യൽ സെന്റർ, കലൂർ ബസ് സ്റ്റാന്റിൽ ട്രേഡ് സെന്റർ, ഇടപ്പള്ളി സോണൽ ഓഫീസിനോട് ചേർന്ന് ട്രേഡ് സെന്റർ കം കൊമേഴ്സിയൽ സ്പോട്ട്, കച്ചേരിപ്പടിയിൽ ഐ.ടി. ഹബ്ബ് എന്നീ പദ്ധതികളാണ് പാർട്ട്ണർ കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## അർബൻ 2020

159. ഡി.പി.ആർ. സമയബന്ധിതമായി സമർപ്പിക്കാത്തതിനാൽ പലപ്പോഴും കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽനിന്നും നിരവധി പദ്ധതികൾക്കുള്ള സഹായം നമുക്ക് ലഭിക്കാതെ പോയിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ നഗരസഭകളുടെ വികസനപദ്ധതികളുടെ പ്രോജക്ടുകൾക്കാവശ്യമായ ഡി.പി.ആർ. മുൻകൂട്ടി തയ്യാറാക്കുന്നതിന് പ്രത്യേക പദ്ധതി ആയാണ് സംസ്ഥാന നഗരകാര്യ വകുപ്പ് അർബൻ 2020 എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കൊച്ചി നഗരത്തിലെ പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്.

## ഈസ്റ്റേൺ ഏരിയ ഡ്രെയിനേജ്

160. അർബൻ 2020 പദ്ധതിയിൽ ഉൾപ്പെടുത്തി ഡി.പി.ആർ. തയ്യാറാക്കുന്നതിൽ പ്രധാനപ്പെട്ട ഒന്നാണ് ഈസ്റ്റേൺ ഏരിയ ഡ്രെയിനേജ് പദ്ധതി. പശ്ചിമ

കൊച്ചിയിലെ നിലവിലുള്ള മുഖ്യ കനാലുകളുടെ ചെളി നീക്കംചെയ്ത്, ഇരുവശങ്ങളും വീതികൂട്ടി ബലപ്പെടുത്തി സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ ഡി.പി.ആറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു സമഗ്രമായ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ഡ്രെയിനേജുകളുടെ നിർമ്മാണത്തിനുള്ള പദ്ധതി ആയാണ് ഇത് വിഭാവനം ചെയ്യുന്നത്.

161. ഈ ബൃഹത് പദ്ധതിക്കുവേണ്ടി 80 കോടി രൂപയുടെ ഡി.പി.ആർ. ആണ് തയ്യാറാക്കുന്നത്. ഈ പദ്ധതിക്കായുള്ള പ്രിലിമിനറി പ്രോജക്ട് പ്രൊഫൈൽ ഇതിനകം തന്നെ തയ്യാറാക്കിയിട്ടുണ്ട്.

## ഈസ്റ്റ് സിറ്റി സിവറേജ് നെറ്റ്‌വർക്ക്

162. നിലവിൽ നഗരത്തിലെ 5 ശതമാനം മാത്രമുള്ള സിവറേജ് നെറ്റ്‌വർക്ക് വിപുലപ്പെടുത്തി ആധുനികമായൊരു സിവറേജ് പദ്ധതി തയ്യാറാക്കുകയാണ് ഈസ്റ്റ് സിറ്റിയിലെ സിവറേജ് നെറ്റ്‌വർക്ക് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

163. 100 കോടി രൂപയാണ് ഈ പദ്ധതിയുടെ മൊത്തം ചിലവ്. ഈ പദ്ധതിയുടേയും പ്രിലിമിനറി പ്രോജക്ട് പ്രൊഫൈൽ ഇതിനകം തന്നെ തയ്യാറാക്കി ബഹു. സംസ്ഥാന സർക്കാറിൽ സമർപ്പിച്ചിട്ടുണ്ട്.

## ഫോർട്ട്കൊച്ചി പൈതൃക സംരക്ഷണം

164. ഫോർട്ട്കൊച്ചി മട്ടാഞ്ചേരി മേഖലയുടെ പൈതൃക സംരക്ഷണമാണ് അർബൻ 2020 യിൽ ഉൾപ്പെടുത്തി ഡി.പി.ആർ. തയ്യാറാക്കുന്ന പ്രധാനപ്പെട്ട പദ്ധതി. ആധുനികരീതിയിൽ ഉള്ള ബോട്ട് ജെട്ടികൾ, ആധുനിക ബസ്–ബേകൾ, പെഡസ്ട്രിയൻ നെറ്റ്‌വർക്ക്, പൈതൃക പ്രാധാന്യമുള്ള തെരുവുകളുടേയും കെട്ടിടങ്ങളുടേയും സംരക്ഷണം, കനാലുകളുടേയും കാനകളുടേയും പുന:രുദ്ധാരണം, ശാസ്ത്രീയമായ ഡ്രെയിനേജ് സംവിധാനം, ശരിയായ ഖരമാലിന്യ സംസ്കരണം, മരങ്ങളുടെ സംരക്ഷണം, ജംഗ്ഷനുകളുടേയും നടപ്പാതകളുടേയും നവീകരണം, ഗതാഗത സംവിധാന

ത്തിന്റെ ഏകോപനം, ടൂറിസം ബോധവത്കരണ പരിപാടികൾ, വിനോദ സഞ്ചാരികൾക്കായുള്ള ഇൻഫർമേഷൻ സെന്ററുകൾ എന്നിവ ഈ പദ്ധതിയുടെ പ്രധാന ഭാഗമായി വരും.

165. 100 കോടി രൂപയാണ് ഈ പദ്ധതിയുടെ മൊത്തം ചിലവ്. പദ്ധതിയുടെ പ്രിലിമിനറി പ്രൊജക്ട് പ്രൊഫൈൽ ഇതിനകം തന്നെ ബഹു. സംസ്ഥാന സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

## പെഡസ്ട്രിയൻ നെറ്റ്‌വർക്ക് & ജംഗ്ഷൻ ഇംപ്രൂവ്മെന്റ്

166. അർബൻ 2020 പദ്ധതിയിൽ ഉൾപ്പെടുത്തി ഡി.പി.ആർ തയ്യാറാക്കുന്നതിൽ മറ്റൊരു പ്രധാനപ്പെട്ട പദ്ധതിയാണ് പെഡസ്ട്രിയൻ നെറ്റ്‌വർക്ക്. കാൽ നടയാത്രക്കാർക്കുള്ള നടപ്പാതകളുടെ നിർമ്മാണം, സൈക്കിൾ പാതകൾ, ഡ്രെയിനേജുകളുടെ നവീകരണം, ഫുട്ട് ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം എന്നിവയ്ക്കായുള്ള സംവിധാനങ്ങളാണ് ഈ പദ്ധതിയുടെ ഡി.പി. ആറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

167. ദിനംപ്രതി വർദ്ധിക്കുന്ന വാഹനങ്ങളാൽ കൊച്ചിയിലെ റോഡുകളും ജംഗ്ഷനുകളും തിങ്ങി ഞെരുങ്ങുകയാണ്. ആയതിന് പരിഹാരം എന്ന നിലയിൽ കൊച്ചിയിലെ എല്ലാ പ്രധാനപ്പെട്ട ജംഗ്ഷനുകളും നവീകരിക്കുന്നതിനായി അർബൻ 2020 പദ്ധതിയിൽ ഉൾപ്പെടുത്തി ഡി.പി.ആർ. തയ്യാറാക്കുന്നതാണ്. പ്രധാനപ്പെട്ട ജംഗ്ഷനുകളുടെ വീതികൂട്ടൽ, വൈദ്യുതി പോസ്റ്റുകളും തെരുവ് വിളക്കുകളും ഉചിതമായ സ്ഥലത്തേക്ക് മാറ്റിസ്ഥാപിക്കൽ, പാർക്കിംഗ് സൗകര്യങ്ങൾ, പൊതു ടോയ്‌ലറ്റുകൾ, നടപ്പാതകൾ, സ്കൈ-വാക്കുകൾ എന്നിവയ്ക്കായുള്ള ക്രമീകരണങ്ങൾ ഈ പദ്ധതിയുടെ പ്രധാന ഭാഗമായി വരും.

168. പെഡസ്ട്രിയൻ നെറ്റ്‌വർക്ക് & ജംഗ്ഷൻ ഇംപ്രൂവ്മെന്റ് എന്ന പദ്ധതിക്ക് 110 കോടി രൂപയാണ് മൊത്തം ചിലവ്. ഈ പദ്ധതിക്കായുള്ള പ്രിലിമിനറി പ്രോജക്ട് പ്രൊഫൈൽ ഇതിനകം തന്നെ തയ്യാറാക്കിയിട്ടുണ്ട്.

## പശ്ചിമകൊച്ചിയിലെ സിവറേജ് പദ്ധതി

169. കെ.എസ്.യു.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കാനുദ്ദേശിക്കുന്ന സിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 162 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിനകം 31.14 കോടി രൂപ ചിലവഴിച്ചു. ശേഷിക്കുന്ന പ്രവൃത്തികൾ ധ്രുതഗതിയിൽ നടപ്പിലാക്കി നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കേണ്ടതുണ്ട്. സിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണികളും ഉടൻ തന്നെ ആരംഭിക്കുന്നതാണ്.

## ആരോഗ്യനഗരം പദ്ധതി

170. നഗരത്തിലെ മുഴുവൻ ജനങ്ങളുടേയും ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്ന ആരോഗ്യനഗരം പദ്ധതിക്ക് ഈ സാമ്പത്തികവർഷം തന്നെ തുടക്കം കുറിക്കും. നഗരത്തിലെ സർക്കാർ അലോപ്പതി, ഹോമിയോ, ആയുർവേദ ആശുപത്രികളുടെയും സ്വകാര്യ ആശുപത്രികളുടെയും, ഹെൽത്ത് ഓഫീസർമാരുടെയും, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ആരോഗ്യ വിഭാഗം ജീവനക്കാരുടേയും ഒരു സംയുക്ത സംരഭമായാണ് ആരോഗ്യ നഗരം പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

171. എല്ലാ പൗരന്മാരുടേയും ആരോഗ്യസ്ഥിതി നിജപ്പെടുത്തുന്ന ഹെൽത്ത് കാർഡ് തയ്യാറാക്കുകയാണ് ഈ പദ്ധതിയുടെ ഭാഗമായി ആദ്യം തയ്യാറാക്കുക. ഇതിനനുസരിച്ച് ഓരോ വ്യക്തിക്കും ആവശ്യമായ ചികിത്സാ ആവശ്യങ്ങൾ മനസ്സിലാക്കുകയും ആയതിനുവേണ്ട സഹായങ്ങൾ നൽകുകയും ചെയ്യും. ഓരോ പൗരന്റെയും ചികിത്സാ ആവശ്യത്തിന് ആവശ്യമായ സാമ്പത്തിക ചെലവ് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ ആരോഗ്യ സുരക്ഷാ പദ്ധതികളിലൂടെ കണ്ടെത്തുകയും ഉപയോഗിക്കുകയും ചെയ്യും. പാലിയേറ്റീവ് കെയർ അടക്കമുള്ള സൗകര്യങ്ങൾ ഇതിന്റെ ഭാഗമായി ഒരുക്കുകയും ചെയ്യും. ഐ.എം.എ. അടക്കമുള്ള എല്ലാ സേവന സംഘടനകളുടേയും സഹായം ഈ പദ്ധതിക്കായി ലഭ്യമാക്കും. കൂടാതെ

പൗരന്മാരുടെ മാനസികവും ശാരീരികവുമായ ആരോഗ്യം നിലനിർത്തുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യും. ജീവിതശൈലീ രോഗങ്ങളുമായി ബന്ധപ്പെട്ട് ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കും. അരോഗ്യനഗരം പദ്ധതിയുടെ ഭാഗമായി ഒരു പ്രത്യേക മിഷൻ സെക്രട്ടറിയേറ്റ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കും.

172. ആരോഗ്യനഗരം പദ്ധതിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾക്ക് ഈ ബജറ്റിൽ 2 കോടി രൂപ നീക്കിവെക്കുന്നു.

## ലഹരി വിമുക്ത നഗരം

173. കൊച്ചി ലഹരി മരുന്ന് ഉപയോഗത്തിന്റേയും വിൽപ്പനയുടേയും ഒരു പ്രധാന ഹബ് ആയി മാറുകയാണെന്ന വാർത്ത വളരെ ഗൗരവകരമായി നാം പരിഗണിക്കേണ്ട വിഷയമാണ്. നമ്മുടെ വിദ്യാലയങ്ങളിലടക്കം ലഹരി മാഫിയ പിടിമുറുക്കുന്നു എന്നുള്ളത് ഏറെ ആശങ്കയോടെയാണ് സമൂഹം കാണുന്നത്. ഈ പശ്ചാച്ചാത്തലത്തിൽ ലഹരി ഉൽപ്പന്നങ്ങളുടെ ഉപയോഗത്തിനും വിൽപ്പനയ്ക്കും എതിരെ അധിശക്തമായ ബോധവത്ക്കരണ പരിപാടികൾക്ക് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ നേതൃത്വം നൽകും. സംസ്ഥാന എക്സൈസ് വകുപ്പ്, പോലീസ്, വിദ്യാഭ്യാസ വകുപ്പ് എന്നിവരുമായി സഹകരിച്ചുകൊണ്ടായിരിക്കും കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഈ പദ്ധതിയുമായി മുന്നോട്ട് പോകുന്നത്.

## ആശുപത്രികൾ

174. നഗരത്തിലെ എല്ലാ സർക്കാർ ആശുപത്രികളും നവീകരിക്കുകയും ആധുനിക ചികിത്സോപകരണങ്ങൾ വാങ്ങുകയും ചെയ്യും. ആശുപത്രികളുടെ അടിസ്ഥാന സൗകര്യവികസനത്തിന് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനമായിരിക്കും നടത്തുന്നത്.

175. ഇടക്കൊച്ചി സൗത്ത് ഡിവിഷനിൽ സർക്കാർ ആയുർവേദ ആശുപത്രിക്ക് പുതിയ കെട്ടിടം ഈ വർഷം തന്നെ നിർമ്മിക്കും.

## ഹെൽത്ത് സെന്ററുകളും ഡിസ്പെൻസറികളും

176. നഗരത്തിലെ നിലവിലുള്ള എല്ലാ ഹെൽത്ത് സെന്ററുകളുടെയും ഡിസ്പെൻസറികളുടേയും അടിസ്ഥാന സൗകര്യം വികസിപ്പിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യും.

## ഹോമിയോ മെഡിക്കൽ ക്യാമ്പ്

177. ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത ഡിവിഷനുകളിൽ ഹോമിയോ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കും. ഹോമിയോ ഡോക്ടർമാരുടെ സന്നദ്ധ സംഘടനയുമായി സഹകരിച്ചായിരിക്കും ഈ പരിപാടി സംഘടിപ്പിക്കുക.

178. ഈ പദ്ധതിക്കായി 60 ലക്ഷം രൂപ നീക്കിവെക്കുന്നു.

## വാട്ടർ പോളിസി

179. കൊച്ചിക്കായി വാട്ടർ പോളിസി തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്. 2015 മെയ് 31 നുള്ളിൽ വാട്ടർ പോളിസി തയ്യാറാക്കും. വാട്ടർ പോളിസി നിഷ്കർഷിക്കുന്ന രീതിയിൽ ആയിരിക്കും വിവിധ ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നത്.

## 'കൊച്ചി വാട്ടർ'

180. ജനറം പദ്ധതിയുടെ ഭാഗമായ മരട് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും വാണിജ്യാവശ്യങ്ങൾക്കായി നൽകുന്ന ജലം ഉപയോഗിച്ച് ആധുനിക രീതിയിൽ ശുദ്ധീകരിച്ച് ബോട്ടിലുകളിൽ കുറഞ്ഞനിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള ഒരു പ്ലാന്റ് സ്ഥാപിക്കും. പ്ലാന്റിൽ ഉൽപാദിപ്പിക്കുന്ന കുടിവെള്ളം ബോട്ടിലുകളിലാക്കി കൊച്ചി വാട്ടർ എന്ന പേരിൽ ബ്രാൻഡ് ചെയ്ത് വിൽപ്പന നടത്തും.

181. എസ്.സി.എം.എസ്. വാട്ടർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സങ്കേതിക സഹായത്തോടു കൂടി ആയിരിക്കും ഈ പ്ലാന്റിന്റെ നിർമ്മാണവും പ്രവർത്തനവും നടപ്പിലാക്കുക.

182. റിവേഴ്സ് ഓസ്മോസിസ്, യു.വി. ഡിസിൻഫക്ഷൻ എന്നീ ഉയർന്ന ജലശുദ്ധീകരണ സാങ്കേതിക വിദ്യകളാണ് കുടിവെള്ളത്തിന്റെ യോഗ്യത ഉറപ്പുവരുത്തുന്നതിനായി ഉപയോഗിക്കുക. ഏറ്റവും ആധുനികവും സങ്കേതിക മികവോടുംകൂടിയ യന്ത്രങ്ങളാണ് ബോട്ടിലുകൾ നിറയ്ക്കുന്നതിനും പായ്ക്ക് ചെയ്യുന്നതിനുമായി പ്ലാന്റിൽ സ്ഥാപിക്കുക.

183. കുടിവെള്ളത്തിന്റെ നിലവാരം ഉറപ്പ് വരുത്തുന്നതിനുമായി ഒരു ലബോറട്ടറി സംവിധാനം കൂടി ഈ പ്ലാന്റിൽ സ്ഥാപിക്കുന്നതാണ്.

184. ഈ പദ്ധതിക്കായി 2 കോടി രൂപ നീക്കിവെക്കുന്നു.

## ശുദ്ധജലവിതരണം മെച്ചപ്പെടുത്തും

185. ആലുവ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, ഇൻടേക്ക്, ട്രാൻസ്മിഷൻ ലെയിൻ എന്നിവയുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരണഘട്ടത്തിലാണ്. 14.35 കോടി രൂപ കരാർ തുകയുള്ള പ്രസ്തുത പ്രവൃത്തിയുടെ 90% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ജൂൺ മാസത്തിൽ പൂർത്തീകരിക്കാനുദ്ദേശിക്കുന്ന പദ്ധതിക്ക് 6.22 കോടി രൂപ ചെലവഴിക്കും.

186. ആലുവ ട്രീറ്റ്മെന്റ് പ്ലാന്റ് (പ്ലാന്റ് 1, പ്ലാന്റ് 2) എന്നിവയുടെ ഓട്ടോമേഷൻ പ്രവർത്തനങ്ങൾ- 3.62 കോടി രൂപ കരാർ തുകയുള്ള പ്രസ്തുത പ്രവൃത്തിയുടെ 95% പ്രവൃത്തികൾ പൂർത്തീകരിക്കുകയും നാളിതുവരെ 2.87 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കാനുദ്ദേശിക്കുന്ന പദ്ധതിക്ക് വേണ്ടി 75.78 ലക്ഷം രൂപ ചെലവഴിക്കും.

187. പശ്ചിമ കൊച്ചിയിലെ ശുദ്ധജല ലഭ്യത മെച്ചപ്പെടുത്തുന്നതിനായി ബ്രിസ്റ്റോ റോഡു മുതൽ മട്ടാഞ്ചേരി പാലത്തിന്റെ കിഴക്കേയറ്റം വരെയുള്ള കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.

## പൊതു കിണറുകൾ

188. നഗരത്തിലെ എല്ലാ പൊതു കിണറുകളും ശുദ്ധീകരിക്കുകയും നവീകരിക്കുകയും ചെയ്യും.

189. ഈ പദ്ധതിക്കായി 1 കോടി രൂപ നീക്കിവെക്കുന്നു.

## കിണർ റീച്ചാർജിംഗ്

190. കൊച്ചി നഗരത്തിനായി തയ്യാറാക്കുന്ന ജലനയത്തിന്റെ ഭാഗമായി കിണർ നിറ പദ്ധതിയിലൂടെ കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ മുഴുവൻ വാർഡുകളിലേയും എല്ലാ പൊതുകിണറുകളും ഈ വർഷം തന്നെ പുനഃരുജ്ജീവിപ്പിക്കും. കൊച്ചി നഗരത്തിൽ അനുദിനം നേരിടുന്ന ജലക്ഷാമം കുറയ്ക്കുവാനും ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുവാനും ഈ പദ്ധതി സഹായകരമാകും. കൂടാതെ ഉൾപ്രദേശങ്ങളിലേക്ക് തള്ളിക്കയറുന്ന ഉപ്പ് വെള്ളത്തിന്റെ ഭീഷണി ചെറുക്കുവാനും ഈ പദ്ധതി സഹായിക്കും. കെട്ടിടങ്ങളുടെ മേൽക്കൂരയിൽനിന്നും ലഭിക്കുന്ന മഴവെള്ളം കിണറുകളിലേക്ക് റീചാർജ്ജ് ചെയ്ത് കിണറിനു ചുറ്റും ഒരു ശുദ്ധജല മേഖല സൃഷ്ടിക്കുവാനുള്ള ഒരു പദ്ധതിയാണ് കിണർനിറ പദ്ധതി. കേരളത്തിൽ ഈ മേഖലയിൽ വിജയകരമായ മാതൃക സൃഷ്ടിച്ച തൃശൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന മഴപ്പൊലിമയുടേയും എസ്.സി.എം.എസ്. വാട്ടർ ഇൻസ്റ്റിറ്റ്യൂട്ടിന്റേയും സങ്കേതിക സഹായത്തോടു കൂടി ആയിരിക്കും ഈ പദ്ധതി നടപ്പിലാക്കുക. മഴവെള്ളം ഫിൽട്ടർ സംവിധാനത്തിലൂടെ കടത്തിവിടുന്നതുവഴി ക്രമേണ ജലത്തിന്റെ ലഭ്യത, ഗുണനിലവാരം മെച്ചപ്പെടുത്തൽ, ഉപ്പ് വെള്ളത്തിന്റെ കടന്നുകയറ്റം ചെറുക്കുക എന്നിവ സാധ്യമാകും. ഈ പറഞ്ഞ ലക്ഷ്യങ്ങൾക്ക് പുറമേ ഈ പ്രക്രിയമൂലം കാലാവസ്ഥ മാറ്റത്തെ അധിജീവിക്കുവാനുള്ള ഒരു നടപടി കൂടിയാകും. മേൽക്കൂരയിൽനിന്നും കിണറുകളിൽ എത്തുന്ന മഴവെള്ളം കിണറുകളിലെ ഉറവകളെ പുനരുജ്ജീവിപ്പിക്കും.

191. പ്ലാൻ ഫണ്ട് അടക്കമുള്ളവയിൽ നിന്നും തുക ഉപയോഗിച്ചായിരിക്കും ഈ പദ്ധതി നടപ്പിലാക്കുക.

192. ഈ പദ്ധതിക്കായി ബജറ്റിൽ 5 ലക്ഷം രൂപ നീക്കിവെക്കുന്നു.

## പൊതു ശ്മശാനങ്ങൾ

193. ചുള്ളിക്കൽ ആറുമുറി ശ്മശാനം, ഫോർട്ട്കൊച്ചി ശ്മശാനം എന്നിവ നവീകരിക്കുകയും ഇടക്കൊച്ചിയിൽ പുതിയ ശ്മശാനം പണി കഴിപ്പിക്കുകയും ചെയ്യും.

194. പ്ലാൻ ഫണ്ട് അടക്കമുള്ളവയിൽ നിന്നും തുക കണ്ടെത്തിയായിരിക്കും പദ്ധതി നടപ്പിലാക്കുക.

## മൃഗസംരക്ഷണം

195. പാൽ ഉൽപാദന മേഖലയിൽ സ്വാശ്രയത്വം കൈവരിക്കുന്നതിന്റെ ഭാഗമായി അർഹരായവരെ തെരഞ്ഞെടുത്ത് കന്നുകാലികളെ വാങ്ങുന്നതിനും തീറ്റ വിതരണത്തിനുമായി സബ്സിഡി അനുവദിക്കും.

196. പ്ലാൻ ഫണ്ട് ഉപയോഗിച്ചായിരിക്കും ഈ പദ്ധതി നടപ്പിലാക്കുക.

## അനിമൽ ബെർത്ത് കൺട്രോൾ

197. അനിമൽ ബെർത്ത് കൺട്രോൾ പദ്ധതിയുടെ ഭാഗമായി ആവശ്യത്തിനുള്ള വെറ്റിനറി ഡോക്ടർമാരെ നിയമിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കുന്നതിനും ആവശ്യമായ സർജിക്കൽ ഉപകരണങ്ങൾ അടക്കമുള്ളവ വാങ്ങുന്നതിനും ഓപ്പറേഷൻ തീയറ്റർ അടക്കമുള്ള കെട്ടിടങ്ങൾ പണിയുന്നതിനും തുടക്കം കുറിക്കാൻ സാധിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ ആധുനികമായ അനിമൽ ബെർത്ത് കൺട്രോൾ പദ്ധതി കൊച്ചി നഗരത്തിൽ ആരംഭിക്കും.

198. നിരവധി സന്നദ്ധ സംഘടനകൾ അനിമൽ ബെർത്ത് കൺട്രോൾ പദ്ധതിയുമായി സഹകരിക്കുന്നതിന് മുന്നോട്ട് വന്നിട്ടുണ്ട്. തെരുവ് നായ്ക്കളെ പിടികൂടുന്നതിനും വന്ധ്യംകരണത്തിനുമായി ഹോസ്പിറ്റലിൽ എത്തിക്കുന്നതിനുള്ള കൂടുകളും വാഹനങ്ങളും അടക്കമുള്ളവ തയ്യാറാക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ട്.

199. മിഷൻ കൊച്ചി പദ്ധതിയിലുൾപ്പെടുത്തിയാണ് അതിവേഗം പൂർണ്ണതോതിൽ ഈ പദ്ധതി നടപ്പിലാക്കുന്നതാണ്.

200. പദ്ധതിയുടെ തുടർ നടത്തിപ്പിനായി 50 ലക്ഷം രൂപ നീക്കിവെക്കുന്നു.

## സാമൂഹ്യക്ഷേമം

201. നിരവധി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ട്. നിർദ്ധനർക്ക് 4140 പുതിയ വീടുകൾ നിർമ്മിച്ചു നൽകിയും, 800 നിർധന കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനു സഹായം നൽകിയും, സ്വയംതൊഴിൽ പദ്ധതിയുടെ ഭാഗമായി 180 ഓട്ടോറിക്ഷകൾ വിതരണം ചെയ്തും ക്ഷേമ പെൻഷനുകളുടെ വിതരണത്തിലും വികലാംഗർക്കുള്ള സാമ്പത്തിക സഹായത്തിലും ഉപകരണ വിതരണത്തിലും റെക്കോർഡ് സൃഷ്ടിച്ചുകൊണ്ടാണ് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് മാറ്റുകൂട്ടിയത്.

202. നഗരം ഏറെ വളരുമ്പോഴും ആധുനികവത്കരിക്കപ്പെടുമ്പോഴും വികസനത്തിന്റെ പുറമ്പോക്കിലേക്ക് പിന്തള്ളപ്പെട്ട നിരവധി കോളനികൾ നമ്മുടെ നഗരത്തിൽ ഉണ്ട്. പ്രാഥമികമായ അടിസ്ഥാനസൗകര്യങ്ങൾ പോലുമില്ലാത്ത ഇത്തരത്തിലുള്ള കോളനികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക എന്നതാണ് ഈ വരുന്ന ഒരു വർഷ കാലയളവിൽ ഏറ്റെടുത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികളിൽ ഏറ്റവും പ്രധാനപ്പെട്ടത്.

## അമൃതമിത്രം

203. കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ പരിധിയിൽ താമസിക്കുന്ന നിർദ്ധനരും സ്വന്തമായി താമസിക്കുന്ന ഭൂമിയിൽ ഉപയോഗയോഗ്യമായ ടോയ്‌ലറ്റ് സൗകര്യമില്ലാത്തവർക്കുമായി ടോയിലറ്റ് നിർമ്മിച്ചു നൽകുന്ന ഒരു ബൃഹദ് പദ്ധതിക്ക് കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ തുടക്കം കുറിക്കുകയാണ്. കൊച്ചി മുൻസിപ്പൽ കോർപ്പറേഷന്റെ നഗര ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിന്റെ ഈസ്റ്റ്, സൗത്ത്, വെസ്റ്റ് സി.ഡി.എസ്.കളുടെ നേതൃത്വത്തിൽ നടത്തിയ സർവ്വേ പ്രകാരം 1200 ഓളം ഭവനങ്ങളാണ് നിലവിൽ കൊച്ചി നഗരത്തിൽ ഉപയോഗയോഗ്യമായ ടോയ്‌ലറ്റ് സൗകര്യമില്ലാതെയുള്ളത്. ഈ മുഴുവൻ കുടുംബങ്ങൾക്കും ടോയ്‌ലറ്റ് നിർമ്മിച്ച് നൽകാനുള്ളതാണ് പദ്ധതി. കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ ഇതിനുമുമ്പും ടോയ്‌ലറ്റുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ടെങ്കിലും ഗുണഭോക്തൃവിഹിതം വാങ്ങാതെ മുഴുവൻ തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനം തന്നെ കണ്ടെത്തി നിർദ്ധനർക്ക് ടോയ്‌ലറ്റ് നിർമ്മിച്ച് നൽകുന്ന രാജ്യത്തെ ആദ്യ പദ്ധതിയാണിത്. ബഹുമാനപ്പെട്ട മാതാ അമൃതാനന്ദമയി മഠത്തിന്റെ പൂർണ്ണ പിന്തുണയോടും സഹകരണത്തോടും കൂടിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിക്കാവശ്യമായ മുഴുവൻ സാമ്പത്തിക സഹായവും പദ്ധതി നിർവ്വഹണത്തിന്റെ പൂർണ്ണ ചുമതലയും മാതാ അമൃതാനന്ദമയി മഠം ഏറ്റെടുക്കും. ഏകദേശം 50,000 രൂപയാണ് ടോയ്‌ലറ്റ് യൂണിറ്റൊന്നിന് ചെലവ് പ്രതീക്ഷിക്കുന്നത്. ഏകദേശം 6 മാസം കൊണ്ടാണ് ഈ പദ്ധതി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്. നിലവിൽ അമൃതമിത്രം പദ്ധതി സർവ്വേയിൽ വിട്ടുപോയ വീടുകളുണ്ടെങ്കിൽ മാനദണ്ഡങ്ങൾക്കടിസ്ഥാനമാക്കി അവയെ കൂടി ഉൾപ്പെടുത്തും. ഈ പദ്ധതി പൂർത്തിയാകുന്നതോടെ മുഴുവൻ ഭവനങ്ങൾക്കും ടോയ്‌ലറ്റ് സൗകര്യമുള്ള ഇന്ത്യയിലെ തന്നെ ആദ്യത്തെ നഗരങ്ങളിലൊന്നായി കൊച്ചി മാറുമെന്നാണ് പ്രതീക്ഷിക്കുന്നത്.

204. ഈ പദ്ധതിക്കായി 1 കോടി രൂപ നീക്കിവെക്കുന്നു.

## സ്ത്രീ ശാക്തീകരണം

205. സ്ത്രീ ശാക്തീകരണ രംഗത്ത് നിരവധി പ്രവർത്തനങ്ങളാണ് കുടുംബശ്രീ യൂണിറ്റുകളുടേയും സി.ഡി.എസ്സുകളുടേയും പ്രവർത്തനത്തിലൂടെ നാം നേടിയെടുത്തത്. കുടുംബശ്രീ യൂണിറ്റുകളുടെ നേതൃത്വത്തിലുള്ള ബസ്സ് സർവ്വീസ് ആരംഭിക്കുന്നതിനുള്ള എല്ലാ പ്രവർത്തനങ്ങൾക്കും തുടക്കം കുറിച്ചിട്ടുണ്ട്.

## രാജീവ് ആവാസ് യോജന

206. രാജീവ് ആവാസ് യോജന പദ്ധതിയിലൂടെ കൊച്ചി മുനിസിപ്പൽ കോർപ്പറേഷന് പ്രഥമഘട്ടത്തിൽ അംഗീകാരം ലഭിച്ച പദ്ധതിയാണ് 2–ാം ഡിവിഷനിൽ സ്ഥിതിചെയ്യുന്ന തുരുത്തി കോളനിയുടേത്. 755 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്ന പദ്ധതിയാണിത്. 2013 ലാണ് ഈ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചത്. പദ്ധതിക്ക് കൗൺസിൽ അംഗീകാരവും സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് ആന്റ് മോണിറ്ററിംഗ് കമ്മറ്റിയുടെ അംഗീകാരവും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. പദ്ധതിക്ക് സാങ്കേതികാനുമതി ലഭിച്ചത് ജൂൺ 2014–നാണ്.

207. തുരുത്തി കോളനി പദ്ധതിയുടെ ആകെ അടങ്കൽ 67.62 കോടി രൂപയാണ്. ഇതിൽ 1880.18 ലക്ഷം രൂപ (28%) കേന്ദ്ര വിഹിതവും 2012.49 ലക്ഷം രൂപ (30%) സംസ്ഥാന സർക്കാർ വിഹിതവും 2034.90 ലക്ഷം രൂപ (30%) കോർപ്പറേഷൻ വിഹിതവും ബാക്കി 834.91 ലക്ഷം രൂപ (12%) ഗുണഭോക്തൃ വിഹിതവുമാണ്.

208. അഞ്ചുവിധത്തിലുള്ള ഗുണഭോക്താക്കളെയാണ് ഈ പദ്ധതിയിൽ പരിഗണിച്ചിരിക്കുന്നത്. ആകെ 755 ഗുണഭോക്താക്കളിൽ 83 പേർക്ക് വ്യക്തിഗത വീടുകളും, 180 പേർക്ക് റോ ഹൗസുകളും (നിര വീടുകൾ), 6 ഗുണഭോക്താക്കൾക്ക് G+2 ഫ്ളാറ്റുകളും, വീടും സ്ഥലവും ഇല്ലാത്ത 398 പേർക്ക് G+11 ന്റെ രണ്ട് ഫ്ളാറ്റുകളും, 87 ഗുണാഭോക്താക്കൾക്ക്

വീട് പുന:രുദ്ധാരണ പ്രവർത്തനങ്ങളുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിനു പുറമേ അടിസ്ഥാന സൗകര്യങ്ങൾക്കായി റോഡുകൾ, കുടിവെള്ള വിതരണ സംവിധാനം, മാലിന്യ നിർമ്മാർജ്ജന സംവിധാനം, സ്വീവേജ് സംവിധാനം തുടങ്ങിയവയും സാമൂഹ്യ വികസന പരിപാടികളുടെ ഭാഗമായി ഉപജീവനമാർഗ്ഗങ്ങൾ, അംഗനവാടി, ലൈബ്രറി, തെരുവുവിളക്കുകൾ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്.

209. ഇതുവരെ 2.6 കോടി രൂപ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ വിഹിതമായി ഈ പദ്ധതിക്കു വേണ്ടി വകയിരുത്തിയിട്ടുണ്ട്.

210. വ്യക്തിഗതഭവന നിർമ്മാണം ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. പ്രസ്തുത ഗുണഭോക്താക്കൾക്ക് വീടുകൾ സ്വയം നിർമ്മിക്കാവുന്നതാണ്. അതുമായി ബന്ധപ്പെട്ട രേഖകൾ തയ്യാറാക്കുവാനുള്ള നടപടിക്രമങ്ങളും ഗുണഭോക്തൃവിഹിത സമാഹരണവും നടന്നുവരികയാണ്.

211. G+2, G+11 ഫ്ളാറ്റുകളുടെ ടെണ്ടർ നടപടികളും നടന്നുവരികയാണ്. ഇത് പൂർത്തീകരിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

212. ഇതു കൂടാതെ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്തേയും അഗ്ലോമറേഷൻ പ്രദേശത്തേയും തിരഞ്ഞെടുത്ത മുഴുവൻ കോളനികളുടെയും GIS മാപ്പുകൾ തയ്യാറാക്കുവാനും തുടർന്ന് ചേരി രഹിത നഗരാസൂത്രണ കർമ്മരേഖ തയ്യാറാക്കുവാനും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

## വയോജനങ്ങളുടെ ക്ഷേമം

### വയോമിത്രം

213. കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ വയോമിത്രം പദ്ധതിയിലൂടെ നടത്തിവരുന്ന മൊബൈൽ ക്ലിനിക്കിന്റെ പ്രവർത്തനം നഗരപരിധിയിൽ

47 ക്ലിനിക്കുകളിലായി നടത്തി വരുന്നു. ഇതിനോടനുബന്ധിച്ച് വയോജന ങ്ങൾക്കുവേണ്ടി വിവിധതരം സ്പെഷ്യൽ ക്യാമ്പുകളും അതു കൂടാതെ എൻ.എസ്.എസുമായി ചേർന്ന് മാനസിക ഉല്ലാസത്തിന് വേണ്ടിയുള്ള പലതരം വിനോദ പരിപാടികളും അതിനോടൊപ്പം ഇൻഫർമേറ്റീവ് ക്ലാസും നടത്തിവരുന്നു. വയോമിത്രം പദ്ധതിയിലെ പാലിയേറ്റീവ് കെയറിന്റെ പ്രവർത്തനവും നല്ല രീതിയിൽ നടക്കുന്നു.

214. നഗരപരിധിയിലും സമീപ പ്രദേശങ്ങളിലുമായി സാമൂഹ്യ സുരക്ഷ മിഷന്റെ ജീവിതശൈലി രോഗനിർണ്ണയ മൊബൈൽ ലാബിന്റെ പ്രവർ ത്തനം ആരംഭിച്ചു. വയോജന ക്ലബുകളിലൂടെ എല്ലാ വാർഡുകളിലും വയോജന സംഗമം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അതിൽ സർക്കാരിന്റെ വിവിധ മേഖലകളിലുള്ള ഉദ്യോഗസ്ഥരെ ചേർത്തു കൊണ്ടുള്ളതായി രിക്കും.

215. 2011 – ഡിസംബറിൽ ആരംഭിച്ച വയോമിത്രം പദ്ധതിയിലൂടെ ലഭ്യമാകുന്ന മൊബൈൽ ക്ലിനിക്ക്, പാലിയേറ്റിവ് കെയർ യൂണിറ്റ് എന്നിവയുടെ സേവനം നാളിതുവരെ 34,554 വയോജനങ്ങൾക്ക് 47 ക്ലിനിക്കുകളിലായി മൊബൈൽ ക്ലിനിക്കിലൂടെ നൽകാൻ സാധിച്ചിട്ടുണ്ട്. അതോടൊപ്പം പാലിയേറ്റീവ് കെയറിന്റെ സേവനം ഫോർട്ട്കൊച്ചി താലൂക്ക് ആശുപത്രി കേന്ദ്രമാക്കി നടത്തിവരുന്നു.

## സേവാഗ്രാം-വാർഡ് സഭാ കേന്ദ്രങ്ങൾ

216. കൊച്ചി നഗരത്തിലെ 74 വാർഡുകളിലും വാർഡ് സഭാ കേന്ദ്രങ്ങൾ 2015 ഓഗസ്റ്റ് 15ന് മുമ്പായി ആരംഭിക്കും. പ്രാദേശിക ഭരണസംവിധാനം കൂടുതൽ ജനാധിപത്യവത്ക്കരിക്കുക എന്നതാണ് ഇതിന്റെ മുഖ്യ ലക്ഷ്യം. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ വിവിധ സേവനങ്ങൾ ലഭ്യമാക്കുന്ന എക്സ്റ്റൻഷൻ കേന്ദ്രമായും ഇവ പ്രവർത്തിക്കും. ആദ്യ സേവാഗ്രാം- വാർഡ് സഭ എളമക്കരയിൽ (33-ാം ഡിവിഷൻ) കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പണികഴിപ്പിച്ച കെട്ടിടത്തിൽ ആരംഭിക്കും.

217. ഇതിനായി ബജറ്റിൽ 37 ലക്ഷം രൂപ വകയിരുത്തുന്നു.

## ഗ്രൂപ്പ് സംരംഭങ്ങൾക്ക് സഹായം

218. നഗരപ്രദേശത്തെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ ചെറുപ്പക്കാർക്ക് വിദഗ്ദ്ധ പരിശീലനത്തിന് ശേഷം തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്ത് നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ ബാങ്ക് ലോൺ സബ്സിഡിയോടുകൂടി ലഭ്യമാക്കും. 10 ലക്ഷം രൂപ വരെ വരുന്ന പ്രോജക്ടുകൾക്ക് 3 ലക്ഷം രൂപ വരെ സബ്സിഡി ഇനത്തിൽ നൽകും. 10 ലക്ഷം രൂപ ഇതിനായി ചെലവഴിക്കും.

## പട്ടികജാതി ക്ഷേമം

## എല്ലാ വിദ്യാർത്ഥികൾക്കും ലാപ്ടോപ്പ്

219. നഗരത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് സൗജന്യമായി ലാപ്പ്ടോപ്പ് വിതരണം ചെയ്യും.

## വിദേശ വിദ്യാഭ്യാസ സഹായം

220. ഇന്ത്യയിൽനിന്നും നിരവധി വിദ്യാർത്ഥികൾ വിദേശ വിദ്യാഭ്യാസം നേടുന്നുണ്ടെങ്കിലും അവരിൽ പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം വളരെ കുറവാണ്. ഈ ഒരു സാഹചര്യത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് വിദേശ വിദ്യാഭ്യാസത്തിന് പ്രത്യേക ധനസഹായം നൽകും. ഈ ധനസഹായം യാത്ര, ഫീസ്, താമസ സൗകര്യങ്ങളടക്കം മൊത്ത വിദ്യാഭ്യാസ കാലയളവിൽ നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

221. 18 വയസ് പൂർത്തിയായ എല്ലാ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും ഇരുചക്രവാഹനങ്ങൾ (സ്കൂട്ടർ/മോട്ടോർസൈക്കിൾ) സൗജന്യമായി നൽകും.

## ബിസിനസ്സ് ഇൻക്യുബേറ്റർ

222. പച്ചാളം റെയിൽവേ മേൽപ്പാലത്തിന് സമീപം കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ വകയിലുള്ള 9 സെന്റ് സ്ഥലത്ത് പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന യുവതീ യുവാക്കളുടെ തൊഴിൽ സംരഭത്തിനായി പ്രത്യേക ബിസിനസ്സ് ഇൻക്യുബേറ്റർ സംവിധാനം സ്ഥാപിക്കും. ഇതിനായി സ്റ്റാർട്ട് അപ്പ് വില്ലേജ്, സംസ്ഥാന ഐ.ടി. വകുപ്പ് എന്നിവരുമായി സഹകരിച്ചാണ് പദ്ധതി തയ്യാറാക്കുക.

223. പത്താം ക്ലാസ് വരെയുള്ള മുഴുവൻ പട്ടികജാതി വിദ്യാർത്ഥികൾക്കും പഠനത്തിന് ആവശ്യമായ മുഴുവൻ ഫർണിച്ചറുകളും സൗജന്യമായി നൽകും. പത്താം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യമായി സൈക്കിൾ വിതരണം ചെയ്യും. കുടിവെള്ള കണക്ഷൻ, വൈദ്യുതി കണക്ഷൻ എന്നിവ നൽകും. പട്ടികജാതി വിദ്യാർത്ഥികൾക്കായി തൊഴിൽ പരിശീലന കേന്ദ്രം ആരംഭിക്കും. പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് എൻട്രൻസ് കോച്ചിംഗിനായുള്ള ധനസഹായം നൽകും. സ്വന്തമായി സ്ഥല സൗകര്യമുള്ളവർക്ക് ഭവന നിർമ്മാണത്തിനും, ഭൂരഹിതരായവർക്ക് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായവും നൽകും.

224. മേൽ പദ്ധതികൾക്കായി 12 കോടി രൂപ നീക്കിവെക്കുന്നു.

## മത്സ്യബന്ധനം

225. മത്സ്യബന്ധന-തൊഴിലാളി മേഖലയിൽ നിരവധി പദ്ധതികളാണ് കഴിഞ്ഞ നാല് വർഷമായി ഈ കൗൺസിൽ നടത്തി പോരുന്നത്. ഫിഷ് ലാംന്റിംഗ് സെന്ററുകളുടെ നിർമ്മാണം, മത്സ്യബന്ധന ഉപകരണങ്ങളുടെ വിതരണം, കടവുകളുടെ സംരക്ഷണം, വിപണന കേന്ദ്രങ്ങളുടെ നിർമ്മാണം എന്നിവയടക്കം നിരവധി പദ്ധതികളാണ് ഈ മേഖലയിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നത്. ഇതിന്റെ തുടർച്ചയായി മത്സ്യതൊഴിലാളികൾക്ക് ആവശ്യമായ തൊഴിൽ ഉപകരണങ്ങൾ സബ്സിഡി നിരക്കിൽ അനുവദിക്കുന്നതിനുള്ള പ്രത്യേക പദ്ധതി ഈ ബജറ്റിൽ ഉൾപ്പെടുത്തുന്നു.

226. ഇടക്കൊച്ചി കുമ്പളങ്ങി ഫെറി റോഡിന് പടിഞ്ഞാറ് ഭാഗം കായൽ തീരത്തും കളരിക്കൽപറമ്പ് ഭാഗത്തും ആറാട്ട് കടവ്, മുക്കോട്ടിൽ ടെമ്പിൾ റോഡിൽ സി.എഫ്.എസ്. ന് സമീപം എന്നീ സ്ഥലങ്ങളിൽ പുതിയ ഫിഷ് ലാന്റിംഗ് സെന്ററുകൾ നിർമ്മിക്കും.

227. മത്സ്യ മേഖലയിലെ പദ്ധതികൾക്കായി 2 കോടി രൂപ നീക്കിവെക്കുന്നു.

## ആധുനിക മത്സ്യ വിപണന കേന്ദ്രങ്ങൾ

228. നഗരപ്രദേശത്ത് മത്സ്യം ലഭ്യമാക്കുന്നതിനും മത്സ്യതൊഴിലാളികളുടെ വിപണന സാധ്യത വർദ്ധിപ്പിക്കുന്നതിനുമായി ആധുനിക രീതിയിലുള്ള 10 ഫിഷ് സ്റ്റാളുകൾ കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ വിവിധ മേഖലകളിൽ തുടങ്ങുന്നതിലേക്കായി ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. കെ.എസ്.യു.ഡി.പി. പദ്ധതി വഴി 25 ലക്ഷം രൂപ ഇതിനായി നീക്കി വച്ചതിൽ 12.50 ലക്ഷം രൂപ ചെലവഴിച്ചു. പദ്ധതി പൂർത്തീകരണത്തിനായി ബാക്കി തുകയായ 12.50 ലക്ഷം രൂപ 2015 ജൂൺ മാസത്തോടെ ചെലവഴിക്കും. ആദ്യ ഫിഷ് സ്റ്റാളിന്റെ പ്രവർത്തനം 2015 മാർച്ച് അവസാനം കതൃക്കടവ് ജംഗ്ഷനിൽ ആരംഭിക്കും.

229. നിലവിൽ നഗരത്തിൽ പ്രവർത്തിക്കുന്ന ചെറുതും വലുതുമായ മത്സ്യ വില്പന ശാലകൾ ശുചിത്വമുള്ളതും മത്സ്യങ്ങൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നതിനുമുള്ള സംവിധാനങ്ങളോടു കൂടിയുള്ളതുമാണെന്ന് ഉറപ്പ് വരുത്തും. മത്സ്യങ്ങളുടെ പഴക്കവും ഗുണമേന്മ ഉറപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കും. വില്പന കേന്ദ്രങ്ങളിലെ മലിനജലവും, മറ്റ് മാലിന്യങ്ങളും ശരിയായ രീതിയിൽ സംസ്കരിക്കുന്നു എന്നും ഉറപ്പു വരുത്തും.

## ഫിഷ് കിയോസ്കുകൾ

230. കുടുംബശ്രീ യൂണിറ്റുകളുടെ നേതൃത്വത്തിൽ നഗരത്തിൽ ഉള്ള വിവിധ മത്സ്യവിപണന കേന്ദ്രങ്ങളിലും പ്രത്യേകം തയ്യാറാക്കിയ മത്സ്യവിഭവങ്ങൾ

വിതരണം ചെയ്യുന്നതിനുള്ള കിയോസ്കുകൾ സ്ഥാപിക്കും. പരീക്ഷണ അടിസ്ഥാനത്തിൽ 10 തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ ഈ സാമ്പത്തിക വർഷം സ്ഥാപിക്കുന്ന കിയോസ്കുകൾ വില്പനക്കനുസരിച്ച് കൂടുതൽ സ്ഥലങ്ങളിൽ സ്ഥാപിക്കും.

231. കിയോസ്കുകളുടെ അടിസ്ഥാന നിർമ്മാണ പ്രവർത്തനങ്ങൾക്ക് 10 ലക്ഷം രൂപ നീക്കിവെക്കുന്നു.

## അന്താരാഷ്ട്ര വ്യവസായ–കാർഷിക പ്രദർശനം

232. ലോകത്തിലെ വിവിധ രാജ്യങ്ങളിൽ നിന്നും നഗരങ്ങളിൽ നിന്നും വ്യക്തികളേയും സ്ഥാപനങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട് 2015 ആഗസ്റ്റ് മാസം ഒരു അന്താരാഷ്ട്ര വ്യവസായ-കാർഷിക പ്രദർശനം സംഘടിപ്പിക്കും. നൂതനമായ സാങ്കേതിക വിദ്യയും മെഷീനറിയുമടക്കം വ്യവസായ ലോകത്ത് നടക്കുന്ന ആധുനികത കൊച്ചിക്ക് പരിചയപ്പെടുത്തുക എന്നുള്ളതാണ് ഈ അന്താരാഷ്ട്ര പ്രദർശനത്തിന്റെ ലക്ഷ്യങ്ങളിലൊന്ന്. ഇന്ത്യയിലേയും വിദേശ രാജ്യങ്ങളിലേയും ഏറ്റവും പ്രമുഖരായ വ്യവസയ സ്ഥാപനങ്ങളെ ഈ മേളയിൽ പങ്കെടുപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്.

233. ഒരു കാർഷിക സംസ്ഥാനമായ കേരളത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കാർഷിക മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ എത്തിക്കുക എന്നത് കൂടി ഈ പ്രദർശനത്തിന്റെ ലക്ഷ്യങ്ങളിലൊന്നാണ്. ആധുനിക കൃഷി രീതികളും കൃഷിയുപകരണങ്ങളും സാങ്കേതിക വിദ്യകളും കേരളത്തിലെത്തിക്കുക എന്നതാണ് ഈ പ്രദർശനത്തിന്റെ മറ്റൊരു ലക്ഷ്യം. ഭാരത സർക്കാറിന്റെ വ്യവസായ കാർഷിക മന്ത്രാലയങ്ങളുടേയും കേരള സർക്കാറിന്റേയും സി.ഐ.ഐ പോലുള്ള സംഘടനകളുടേയും സഹകരണത്തോടെയായിരിക്കും ഈ പ്രദർശനം സംഘടിപ്പിക്കുക.

234. 15 ദിവസത്തോളം നീണ്ടു നിൽക്കുന്ന ഈ പ്രദർശനത്തിന് കൊച്ചിയെ ഒരു എക്സിബിഷൻ ഹബ് ആക്കി മാറ്റുക എന്ന ഒരു വലിയ ഉദ്ദേശവും കൂടിയുണ്ട്.

## കാർഷികരംഗം

## കൊച്ചി ജൈവ കാർഷിക നഗരം

235. 2016-ൽ കേരള സംസ്ഥാനത്തെ സമ്പൂർണ്ണ ജൈവകൃഷി സംസ്ഥാന മാക്കി മാറ്റുന്ന കേരള സംസ്ഥാന സർക്കാരിന്റെ പദ്ധതിയുടെ ഭാഗമായി കൊച്ചി നഗരത്തിലും ജൈവ പച്ചക്കറി കൃഷി - മട്ടുപ്പാവ് കൃഷി വ്യാപക മാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ നടത്തുന്നതാണ്. ഇതിനായി പച്ചക്കറി വിത്ത്, വളം എന്നിവ സൗജന്യമായി ജനങ്ങളിൽ എത്തിക്കുന്നതിനും വിവിധ കാർഷിക പരിശീലന പദ്ധതികളും കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സംഘടിപ്പിക്കുന്നതാണ്. നഗരത്തിലെ ഒഴിഞ്ഞ് കിടക്കുന്ന സ്ഥലങ്ങളിൽ കുടുംബശ്രീയുടെ സഹകരണത്തോടെ ജൈവകൃഷി നടത്തുന്നതാണ്. ആയതിന് സമഗ്രമായ ഒരു പച്ചക്കറി കൃഷി വികസനപദ്ധതി ആവിഷ്കരിക്കുകയും നടീൽ വസ്തുക്കളുടെ വിതരണം നടത്തുകയും മട്ടുപ്പാവ് കൃഷിക്കായി ഒരു പ്രത്യേക പദ്ധതി തയ്യാറാക്കുകയും ചെയ്യും.

236. അന്യസംസ്ഥാനങ്ങളിൽ നിന്ന് എത്തുന്ന പച്ചക്കറികളിൽ മാരക വിഷാം ശം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് പച്ചക്കറി മേഖലയിൽ സ്വാശ്രയത്വം കണ്ടെത്തുന്നതിന് നാം മുൻകൈ എടുക്കേണ്ടിയിരിക്കുന്നു.

237. കേരളത്തിലെ വിവിധ ഭാഗങ്ങളിൽ ഉത്പാദിപ്പിക്കുന്ന ജൈവ കാർഷിക ഉത്പന്നങ്ങൾ വിപണനം ചെയ്യുന്ന 10 സ്ഥിര കേന്ദ്രങ്ങൾ കൊച്ചി നഗര ത്തിൽ ആരംഭിക്കും. കുടുംബശ്രീയുമായി സഹകരിച്ചായിരിക്കും ഈ വിപണന കേന്ദ്രങ്ങളുടെ പരിപാലനം നടത്തുക.

## വെജിറ്റബിൾ ടെസ്റ്റിംഗ് ലാബ്

238. മാരകമായ കീടനാശിനികളുടെ ഉപയോഗംമൂലം അന്യസംസ്ഥാനങ്ങളിൽ നിന്നും നമ്മുടെ നഗരത്തിലെത്തുന്ന പച്ചക്കറികൾ വിഷലിപ്തമായി കൊണ്ടിരിക്കുകയാണ്. ഇത് ഗുരുതരമായ പല രോഗങ്ങൾക്കും കാരണ മാകുന്നു. പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിന് ബാധ്യതയുള്ള സ്ഥാപ നമെന്ന നിലയിൽ കൊച്ചി നഗരത്തിലെത്തുന്ന പച്ചക്കറികളുടെ ഗുണനില വാരം പരിശോധിക്കുന്നതിനുള്ള ഒരു വെജിറ്റബിൽ ടെസ്റ്റിംഗ് ലാബ് സ്ഥാപിക്കും. വ്യാപാരികൾക്കും പൊതുജനങ്ങൾക്കും ഈ ലാബ് ഉപയോഗിക്കാനാകും. കൂടാതെ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഹെൽത്ത് ഓഫീസർമാർക്ക് Random ചെക്കിങ്ങിനായി ഈ ലാബ് ഉപയോഗിക്കാനാകും.

239. ഈ പദ്ധതിക്കായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

## ബെസ്റ്റ് സിറ്റിസൺ അവാർഡ്

240. ഏറ്റവും പൗരബോധത്തോടെ തന്റെ വീടും പരിസരവും സൂക്ഷിക്കുകയും വെള്ളത്തിന്റേയും ഊർജ്ജത്തിന്റേയും ഉപയോഗം ഏറ്റവും പരിമിത പ്പെടുത്തുകയും ഏറ്റവും കുറവ് മാലിന്യം ഉത്പ്പാദിപ്പിക്കുകയും ഉത്പ്പാദി പ്പിച്ച മാലിന്യം സ്വന്തമായ രീതിയിൽ ശാസ്ത്രീയമായി സംസ്ക്കരിക്കു ന്നതിന് നേതൃത്വം നൽകുകയും ചെയ്യുന്ന നഗരത്തിലെ തിരഞ്ഞെടുത്ത വ്യക്തികൾക്കായി ബെസ്റ്റ് സിറ്റിസൺ അവാർഡ് ഏർപ്പെടുത്തും. അവാർ ഡ് നൽകുന്നതിന് കൃത്യമായ മാനദണ്ഡം നിശ്ചയിക്കുകയും അവാർഡു കൾ നിർണ്ണയിക്കുകയും ചെയ്യും. ജനകീയ പങ്കാളിത്തത്തോട് കൂടിയ ല്ലാതെ സമൂഹത്തിൽ മാറ്റങ്ങൾ വരുത്തുവാൻ സാധിക്കില്ല എന്ന ഉത്തമ വിശ്വാസത്തിൽ നിന്നാണ് ഈ പദ്ധതി ഉടലെടുത്തത്. പൗരബോധവും പൗരധർമ്മവും വളർത്തിയെടുക്കുക എന്ന ഒരു ഉദ്ദേശവും ഈ അവാർഡു കൊണ്ട് ഉദ്ദേശിക്കുന്നു.

241. മിഷൻ ക്ലീൻ കൊച്ചിയുടെ ഭാഗമായി നമ്മുടെ കൊച്ചിയെ നൂറ് ശതമാനം ശുചിത്വവും പൗരബോധവുമുള്ള ഒരു നഗരമാക്കി മാറ്റുക എന്ന ഉദ്ദേശവും ബെസ്റ്റ് സിറ്റിസൺ അവാർഡ് എന്ന ആശയത്തിന്റെ പിന്നിലുണ്ട്.

## വരുമാന വർദ്ധനവ്

242. വാടക പുന:നിർണ്ണയം സ്ക്വയർ ഫീറ്റ് അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിച്ച് കൂടുതൽ വരുമാനമുണ്ടാക്കും.

243. ആശുപത്രികളുടെ സൗകര്യങ്ങളും ബെഡ്ഡുകളുടെ എണ്ണവും പരിശോധിച്ച് രജിസ്ട്രേഷൻ രീതിയിൽ മാറ്റങ്ങൾ വരുത്തി കൂടുതൽ വരുമാനം നേടിയെടുക്കും.

244. പാരലൽ കോളേജുകൾ ഉൾപ്പടെയുള്ള സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നിർബന്ധമാക്കി കൂടുതൽ വരുമാന വർദ്ധനവ് വരുത്തും.

245. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് മുൻ വർഷങ്ങളിൽ നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളിലൂടെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് വരുത്തുവാൻ സാധിച്ചിട്ടുണ്ട്. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ മുറികൾ, ബങ്കുകൾ, എന്നിവയിൽ കച്ചവടം നടത്തുന്ന യഥാർത്ഥ ലൈസൻസികൾ അല്ലാത്തവരെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇത്തരം ആളുകൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ച് കൂടുതൽ വാടകയും ഡെപ്പോസിറ്റും ഈടാക്കുന്നതിനുള്ള നടപടികൾ വരുന്ന സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ നടപ്പിലാക്കും.

246. ഈ പ്രവർത്തനത്തിലൂടെ 30 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

247. കടമുറികൾ നിൽക്കുന്ന സ്ഥലത്തിന്റെ പ്രാധാന്യത്തിനനുസരിച്ച് വാടകയ്ക്ക് നൽകിയിട്ടുള്ള കെട്ടിടത്തിന്റെ വാടക പുന:ക്രമീകരിക്കും. പ്രൊഫഷണൻ ടാക്സ് പിരിവ് ഊർജ്ജിതപ്പെടുത്തിയും അനധികൃത നിർമ്മാണങ്ങൾക്ക് എതിരെ നടപടികൾ ത്വരിതപ്പെടുത്തിയും Purpose change കൾ കണ്ടെത്തിയും കൂടുതൽ വരുമാന വർദ്ധനവ് കണ്ടെത്തും.

248. ഈ പ്രവർത്തനങ്ങളിലൂടെ 10 കോടിയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

## ഉപസംഹാരം

249. കഴിഞ്ഞ നാലു വർഷമായി ഈ ഭരണസമിതിയുടെ പ്രവർത്തനങ്ങൾക്ക് സഹായവും സഹകരണങ്ങളും നൽകിയ വ്യക്തികളും സ്ഥാപനങ്ങളും നിരവധിയാണ്. കൊച്ചിയുടെ വളർച്ചയും വികസനവും കേരളത്തിന്റെ വളർച്ചയും വികസനവും പരസ്പര പൂരകമാണ്. ആ നിലയിൽ കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള നിരവധി വ്യക്തികളും സ്ഥാപനങ്ങളും സംഘടനകളും ഈ ഭരണസമിതിയുടെ പ്രവർത്തനങ്ങൾക്ക് സഹായഹസ്തം നൽകിയിട്ടുണ്ട്. അവരുടെ എല്ലാവരുടേയും സേവനങ്ങളെ പ്രത്യേകം പേരെടുത്ത് പറയാതെ സ്മരിക്കുന്നതിന് ഞാൻ ഈ അവസരം വിനിയോഗിക്കട്ടെ.

250. ബഹു. മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി, മുൻ കേന്ദ്ര പ്രതിരോധമന്ത്രി ശ്രീ. എ.കെ ആന്റണി, എറണാകുളം എം.പി. പ്രൊഫ. കെ.വി. തോമസ്, മന്ത്രിമാരായ ശ്രീ. കെ.എം. മാണി, ശ്രീ. കെ. ബാബു, ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്, ശ്രീ. മഞ്ഞളാംകുഴി അലി, കേന്ദ്ര നഗരകാര്യ സെക്രട്ടറി ശ്രീ. സുധീർ കൃഷ്ണ, ശ്രീ. പി. രാജീവ് എം.പി, എം.എൽ.എ. മാരായ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, ശ്രീ. ബെന്നി ബഹനാൻ, ശ്രീ. ഹൈബി ഈഡൻ, ശ്രീ. ലൂഡി ലൂയിസ്, ജി.സി.ഡി.എ. ചെയർമാൻ ശ്രീ. എൻ. വേണുഗോപാൽ, കെ.എം.ആർ.എൽ. മാനേജിംഗ് ഡയറക്ടർ ശ്രീ. ഏലിയാസ് ജോർജ്ജ് ഐ.എ.എസ്, ബഹു. ജില്ലാ കളക്ടർ

ശ്രീ. എ. രാജമാണിക്യം ഐ.എ.എസ് എന്നിവരോട് കൊച്ചി നിവാസികൾക്കും കൊച്ചി മുനിസിപ്പൽ കോർപ്പറേഷനുള്ള നന്ദി വാക്കുകൾക്കതീതമാണ്.

251. കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് സെക്രട്ടറിമാർ, ഉദ്യോഗസ്ഥർ, വിവിധ സർക്കാർ വകുപ്പുകൾ, വകുപ്പ് തലവന്മാർ, വിവിധ സംഘടനകൾ, വാണിജ്യ വ്യവസായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യ കലാ സാഹിത്യ രംഗങ്ങളിൽ പ്രവർത്തിക്കുന്ന സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവരും ഞങ്ങൾക്ക് നൽകിക്കൊണ്ടിരിക്കുന്ന പിന്തുണ തുടർന്നും പ്രതീക്ഷിക്കുന്നു. വികസന പ്രവർത്തനങ്ങളിൽ എന്നും പിന്തുണയുമായി നിന്ന എന്റെ സഹകൗൺസിലർമാരേയും നഗരസഭയുടെ പ്രവർത്തനങ്ങൾ ആത്മാർത്ഥതയോടെ നടപ്പിലാക്കുന്ന കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ജീവനക്കാരേയും നന്ദിയോടെ സ്മരിക്കുന്നു. മാധ്യമങ്ങളോടും മാധ്യമപ്രവർത്തകരോടും സർവ്വോപരി കൊച്ചിയിലെ മുഴുവൻ പൗരാവലിയോടും ഈ കൗൺസിലിന്റെ പേരിലുള്ള ഹൃദയം നിറഞ്ഞ നന്ദി ഞാൻ രേഖപ്പെടുത്തുന്നു.

252. ഇപ്പോൾ തുടരുന്ന വികസന പ്രവർത്തനങ്ങളുടെ സാർഥകമായ സാക്ഷാത്കാരവും ഒപ്പം ദീർഘകാലാടിസ്ഥാനത്തിൽ കൊച്ചിയുടെ കുതിപ്പിനു കരുത്തേകുന്ന പദ്ധതികളുടെ ആവിഷ്കാരവും- ഈ രണ്ടു വലിയ ലക്ഷ്യങ്ങളിലേക്കാണ് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ചുവടുവയ്ക്കുന്നത്.

253. വികസനത്തിന്റെ ഈ നേർപാതയിൽ ദൃഢനിശ്ചയത്തോടെ നമുക്ക് ഇനിയും ഏറെ മുന്നോട്ട് പോകേണ്ടതുണ്ട്. ഈ കൗൺസിലിന്റെ ശേഷിച്ച പ്രവർത്തന കാലയളവും വരും കൗൺസിലുകളുടെ പ്രവർത്തനങ്ങളും കൊച്ചിയുടെ വികസന സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കും എന്ന പൂർണ്ണമായ ഉറപ്പോടെ 2015-2016 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് ഈ കൗൺസിൽ മുമ്പാകെ അവതരിപ്പിക്കുന്നു.

254. അവസാന നിമിഷം വരെ കൊച്ചിയുടെ ഹൃദയത്തുടിപ്പായി ജീവിച്ച് മൺമറഞ്ഞ വിശ്വപൗരൻ ജസ്റ്റിസ് വി.ആർ കൃഷ്ണയ്യരുടെ ഓർമ്മകൾക്ക് മുമ്പിൽ ഈ നഗരത്തിലെ ഓരോ മൺതരികൾക്കും ഒരോ മനുഷ്യർക്കും വേണ്ടി അശ്രുപുഷ്പങ്ങൾ അർപ്പിച്ചുകൊണ്ട് നിർത്തുന്നു.

**– ജയ്ഹിന്ദ് –**

സ്നേഹാദരങ്ങളോടെ,

നികുതി-ധനകാര്യ
സ്റ്റാന്റിംഗ് കമ്മറ്റിക്കുവേണ്ടി,

**ചെയർപേഴ്സൺ**

കൊച്ചി–11 **ഭദ്ര ബി.**
23.03.2015 **ഡെപ്യൂട്ടി മേയർ**